# India Press Club of North America

# MADHYAMASREE MADHYAMARATNA MEDIA EXCELLENCE Awards

# The Laureate Edition 2025

# മാധ്യമശ്രീ സ്മരണിക


India Press Club of North America
IPCNA
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN &
MINI SAJAN

# India Press Club of North America

Special EDITION

# The Laureate Edition 2025

## HIGHLIGHTS


സംരംഭകർക്കൊരു
വിജയമന്ത്രം: മിനി സാജൻ

27


റാണി തോമസ്

53

05 കൂട്ടായ്മയുടെ വസന്തം വിരിയിച്ച്
ഇന്ത്യ പ്രസ് ക്ലബ് വീണ്ടും...

07 നവമാധ്യമ യുഗത്തിൽ
കൂട്ടായ്മയുടെ പ്രസക്തി

11 ജന്മനാടിന് ആദരവുമായി
പുരസ്കാര സന്ധ്യ

13 കൊച്ചിയെ കൊതിപ്പിക്കാൻ
ഒരിക്കൽ കൂടി

15 The Impact of Kerala Media
A Catalyst for the State's Progress and Growth

19 OFFICIALS

21 ADVISORY BOARD

23 ലോക നിലവാരത്തിലേക്ക് എത്താൻ
മാധ്യമ പിന്തുണ

25 മാദ്ധ്യമ സ്വാതന്ത്ര്യം
ഇൻഡ്യയിൽ

41 പ്രസ് ക്ലബിനൊപ്പം
സ്വപ്ന ചിറകിലേറി

45 അഭിനിവേശവും
ആവേശക്കുതിപ്പും

47 ഇന്ത്യ പ്രസ് ക്ലബിന്റെ നാൾവഴി
മാധ്യമ ശ്രീ അവാർഡിന്റെ പ്രസക്തി

51 മറുനാട്ടിൽ മാമാങ്കം
ജന്മനാട്ടിൽ ആഘോഷം

63 ഒരു അമേരിക്കൻ
ആല്മബന്ധത്തിന്റെ കഥ

67 അമേരിക്കയിൽ
ഒരു ഇന്ത്യ

71 IPCNA CHAPTERS

81 പൂർവികരുടെ വഴിയിലൂടെ
ജാഗ്രതയോടെയുള്ള മാധ്യമ പ്രവർത്തനം

# India Press Club of North America

## MADHYAMASREE MADHYAMARATNA MEDIA EXCELLENCE Awards

PLATINUM EVENT SPONSOR

SAJ GROUP
HOTELS & RESORTS



SAJAN & MINI SAJAN

## ELITE SPONSORS



BABY URALIL

VARKEY ABRHAAM

JOHN TITUS

JOY NEDIYAKALAYIL

## കൂട്ടായ്മയുടെ വസന്തം വിരിയിച്ച്

# ഇന്ത്യ പ്രസ് ക്ലബ് വീണ്ടും...



**അനിൽ ആറന്മുള**
**ചീഫ് എഡിറ്റർ**

നേരറിവോടെ അമേരിക്കൻ മലയാളി സമൂഹത്തിന് എന്നും പ്രിയതരമായി നിലകൊണ്ടിട്ടുള്ള ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക, പ്രവാസി മലയാളികളെ അവരുടെ ആശങ്കകളിലും കഷ്ടപ്പാടുകളിലും ചേർത്ത് പിടിച്ചു മൂല്യവത്തായ വാർത്തകളും സന്ദേശങ്ങളും ചാനൽ കാഴ്ചകളും അവരിലേക്ക് എത്തിച്ചുകൊടുത്തു് കുടുംബവിളക്കായി കത്തി നിൽക്കുകയാണ്.

ജീവിത സാഹചര്യങ്ങളാൽ ഞങ്ങൾക്ക് നഷ്ടപ്പെട്ട പച്ചപ്പ് തേടി വീണ്ടും വരികയാണ്.

ഞങ്ങളുടെ പ്രിയപ്പെട്ട മലയാണ്മയുടെ സുഗന്ധം പേറുന്ന മാധ്യമ ചങ്ങാതിമാരെ ഈ കൂട്ടായ്മയിൽ ഒപ്പം ചേർക്കാൻ, സൗഹൃദങ്ങളും സ്വപ്നങ്ങളും ഒക്കെയും പങ്കുവയ്ക്കാൻ പിന്നെ ഓർമ്മച്ചെപ്പു നിറച്ച് തുരുത്തിലേക്കു പറന്നു ഇനിയും രണ്ടു വർഷത്തേക്കു കാത്തിരിക്കാൻ....


India Press Club of North America
IPCNA
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN &
MINI SAJAN
HEALTHCARE
PARTNER
Believers Church
Medical College Hospital

# നവമാധ്യമ യുഗത്തിൽ
# കൂട്ടായ്മയുടെ പ്രസക്തി

പരമ്പരാഗത അച്ചടി (Print Media) ദൃശ്യ (Television) റേഡിയോ (Radio) മാധ്യമങ്ങളെയും, ഒപ്പം തന്നെ നല്ല രീതിയിൽ നടത്തുന്ന ഓൺലൈൻ (Online) മാധ്യമങ്ങളെയും പോലും വെല്ലു വിളിച്ചു മുന്നേറുന്ന 'നവ മാധ്യമ തരംഗം' (Social Media) സൃഷ്ടിക്കുന്ന സന്ദിഗ്ധത വലുതാണ് . ഈ സത്യാനന്തര കാലത്ത് സത്യമേത് അസത്യമേതു എന്ന് സംശയം സൃഷ്ടിച്ച് അവ വായനക്കാരിലും കാണികളിലും അസ്വസ്ഥത സൃഷ്ടിക്കുന്നു . സത്യാസത്യങ്ങൾ നിറഞ്ഞ സമൂഹ മാധ്യമ വാർത്തകളുടെ കുത്തൊഴുക്കിലും ജനാധിപത്യത്തിന്റെ നാലാം തൂണായി നില കൊള്ളുന്ന ഇന്ത്യയിലെയും മലയാളത്തിലെയും മാധ്യമ രംഗത്ത് നിസ്വാർത്ഥമായി നിരവധി സംഭാവനകൾ നല്കിയവരെയും, തങ്ങളുടെ മുഴുവൻ സമയവും മാധ്യമരംഗത്തിനു സമർപ്പിച്ചു പുതിയ പാത വെട്ടിത്തുറന്നവരെയും അതോടൊപ്പം തന്നെ സമകാലീന യുഗത്തിൽ പത്രമാധ്യമങ്ങൾ വഴി രാവിലെ നമ്മളുടെ വീട്ടിൽ എത്തുന്ന എഴുത്തുകാർ (News Writers), നമ്മളുടെ സ്വീകരണ മുറിയിൽ ദിവസേന എത്തുന്ന റിപ്പോർട്ടർമാർ (Channel Reporters), ന്യൂസ് ആങ്കർമാർ (News Anchors), AM-FM റേഡിയോയിലൂടെയും, യഥാർഥമായ ഓൺലൈൻ മാധ്യമങ്ങളിലൂടെയും നമ്മളെ വാർത്തകൾ അറിയിക്കുകയും വിനോദിപ്പിക്കുകയും ചെയ്യുന്ന വ്യക്തിത്വങ്ങൾ എന്നിവരെ എങ്ങനെ മറക്കും!



**സുനിൽ ട്രൈസ്റ്റാർ**
**സാമുവൽ ഈശോ**
**പ്രസിഡന്റ്, ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക**

ഇവരെല്ലാം തന്നെ വെയിലും മഴയും പേമാരിയും ഭൂകമ്പവും പ്രകൃതി ദുരന്തങ്ങളും വക വെക്കാതെ നമ്മൾക്ക് വേണ്ടി നില കൊള്ളുന്നവരാണ്. അവരെ ആദരിക്കുക എന്നുള്ളത് ഏഴാം കടലിനക്കരെ നിന്ന് ഇന്ത്യയിലെ മാധ്യമങ്ങളെ തത്സമയം കാണുന്ന നോർത്തമേരിക്കയിൽ എളിയ രീതിയിൽ മാധ്യമ പ്രവർത്തനം നടത്തുന്ന ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ അംഗങ്ങളുടെ കടമ ആണ് എന്നതാണ് ഈ പുരസ്കാര വേദിയുടെ പ്രസക്തി. അതോടൊപ്പം തന്നെ എല്ലാ മാധ്യമങ്ങളുടെയും പിറകിൽ സെലിബ്രിറ്റി സ്റ്റാറ്റസോ പ്രശസ്തിയോ ഇല്ലാതെ പ്രവർത്തിക്കുന്ന ആയിരക്കണക്കിന് സാങ്കേതിക പ്രവർത്തകരെയും ഈ വേദി ആദരിക്കുന്നു ഈ വർഷത്തെ മാധ്യമ പുരസ്കാര വേദിയിലെ ഈ ഒരു ചെറിയ തുടക്കത്തോടെ ഞങ്ങൾ ഒരു പുതിയ കാൽവെയ്പു നടത്തുകയാണ്.

അമേരിക്കൻ ഭരണ, രാഷ്ട്രീയ രംഗത്തെ ഒരു പുതിയ അധ്യായം ജനുവരിയിൽ 'വീണ്ടും ട്രമ്പ് യുഗത്തോട്' കൂടി തുടങ്ങുമ്പോൾ ഇന്ത്യ പ്രസ് ക്ലബ് ഓഫ് ഓഫ് നോർത്ത് അമേരിക്കയുടെ അംഗങ്ങളുടെ പ്രാധാന്യം എടുത്തു പറയാനും ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. അമേരിക്കയിലെ മുഖ്യധാരാ മാധ്യമങ്ങൾക്കൊപ്പം തന്നെ ഇന്ത്യയിലെയും പ്രത്യേകിച്ച് കേരളത്തിലെയും മാധ്യമങ്ങൾക്കു ദിവസേന 'ബ്രേക്കിങ്ങ്' ന്യൂസിനുള്ള സാധ്യതയേറുന്നു എന്ന സവിശേഷതയും ഇനി കാണാം. ട്രമ്പിനെ പോലെ ഒരു ലോക നേതാവും ഇത്രയും വാർത്തകളിൽ ഇടം നേടിയിട്ടില്ല എന്ന് തന്നെ പറയാം. അമേരിക്കയിൽ വേരുറപ്പിച്ച എല്ലാ മലയാള മാധ്യമങ്ങളും ഇന്ത്യയിലെ മുഖ്യധാരാ മാധ്യമങ്ങളോട് കിട പിടിക്കുന്ന രീതിയിൽ അല്ലെങ്കിൽ അതിനപ്പുറമായി അമേരിക്കയിലെ വാർത്തകളും വിചിന്തനങ്ങളും കേരളത്തിലെ മാധ്യമങ്ങൾക്കും അതുവഴി ജനങ്ങൾക്കും നൽകുന്നു, അതിലുപരി എല്ലാ ചാനലിലെയും അമേരിക്കയിലെ പ്രതിനിധികൾ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ അവിഭാജ്യ ഘടകമാണെന്നും പറയുന്നതിൽ അഭിമാനമുണ്ട് പ്രത്യേകിച്ച് ഇതിനെല്ലാം തുടക്കം


India Press Club of North America
India Press Club of North America IPCNA
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN &
MINI SAJAN
EDUCATION
PARTNER
BERAKAH
ELITE EDUCATION PVT. LTD
RANI THOMAS
Managing Director
BERAKAH STUDY ABROAD
" Where Blessings Become Brilliance "

കുറിക്കാൻ ഏഷ്യാനെറ്റിലൂടെ ഒരു പതിറ്റാണ്ട് മുൻപ് എനിക്കു സാധിച്ചതിനുള്ള സന്തോഷം കൂടി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

ഈ വർഷത്തെ മാധ്യമശ്രീ, മാധ്യമരത്ന, മീഡിയ എക്സലൻസ് , പയനിയർ പുരസ്‌കാര വേദിയിൽ എത്തി നിൽക്കുന്ന ഈ മഹനീയ മുഹൂർത്തത്തിൽ നോർത്ത് അമേരിക്കൻ മലയാള മാധ്യമ ചരിത്രത്തിലെ രണ്ടു പതിറ്റാണ്ടിന്റെ മഹത്വങ്ങൾ പറയുന്നതിനേക്കാൾ ഈ 'നവമാധ്യമ' യുഗത്തിൽ മാധ്യമ പ്രവർത്തകർക്ക് ഒരു കൂട്ടായ്മയായും അവർക്ക് പ്രചോദനമായും അറിവും വിവരങ്ങളും നല്കാനായുള്ള ശ്രമകരമായ പ്രയത്നങ്ങളുടെ ഭാഗമായി നിരവധി കാര്യങ്ങൾ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ചെയ്യുന്നു, അതിനായി സജീവമായി പ്രവർത്തിക്കുന്നു എന്ന് പറയുന്നതിൽ പ്രസിഡന്റ് എന്ന നിലയിൽ എനിക്ക് അഭിമാനമുണ്ട്. അതോടൊപ്പം തന്നെ കേരളത്തിലെ മാധ്യമ പ്രവർത്തകരെ ആദരിക്കുക മാത്രമല്ല, അവരുടെ വിഷമ ഘട്ടങ്ങളിൽ സഹായം എത്തിക്കാനുള്ള ശ്രമങ്ങളും ഞങ്ങൾ നടത്തുന്നു. കേരളത്തിലെ ജനങ്ങളുടെ വിഷമ ഘട്ടത്തിൽ എല്ലാം ഒരു താങ്ങായി ഇന്ത്യ പ്രസ് ക്ലബ് ഒപ്പമുണ്ടായിരുന്നു . വയനാട്ടിലെ ദുരന്തത്തിന് മാധ്യമപ്രവർത്തകരുടെ സഹായ ഉദ്യമത്തിന് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കക്കും ഒരു കൈത്താങ്ങാകാൻ കഴിഞ്ഞു, അതിനു നേതൃത്വം നൽകിയ പ്രതാപ് നായരോടുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പുരസ്‌കാര വേദിയിലേക്ക് നിങ്ങളെ സ്വാഗതം ചെയ്യുന്നതോടൊപ്പം, ഈ പുരസ്‌കാര വേദി ഇവിടെ അരങ്ങേറാൻ ഞങ്ങളുടെ ഒപ്പം നിന്ന് പ്രവർത്തിച്ച ഇന്ത്യ പ്രസ് ക്ലബ് ഔദ്യോഗിക ഭാരവാഹികളെ മറക്കാൻ ആവില്ല. എന്നോടൊപ്പം തന്നെ പ്രവർത്തിക്കുന്ന നാഷണൽ സെക്രട്ടറി ഷിജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാൻ, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, 2026–27 നിയുക്ത പ്രസിഡൻറ് രാജു പള്ളത്ത്, വൈസ് പ്രസിഡൻറ് അനിൽ കുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ തോമസ് മാത്യു ജോയിന്റ് ട്രഷറർ റോയ് മുളകുന്നം, കൂടാതെ കേരളത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്ന പ്രതാപ് നായർ എന്നിവരെ ഒന്നും മറക്കാൻ പാടില്ല. ഒപ്പം തന്നെ പ്രസ് ക്ലബ്ബിന്റെ അഡ്വൈസറി ബോർഡിന്റെ എല്ലാ ഉപദേശങ്ങളും വിസ്മരിക്കാനാവില്ല . മാധ്യമശ്രീ സ്പെഷ്യൽ സപ്ലിമെന്റ് തയ്യാറാക്കാൻ സഹായിച്ച ഇതിന്റെ ചീഫ് എഡിറ്റർ അനിൽകുമാർ ആറന്മുളയോടും പ്രത്യേക നന്ദി.

ഒരിക്കലും മറക്കാനാവാത്ത ഒരു വിഭാഗവും കൂടി നമ്മോടൊപ്പം ഉണ്ട് .. മാധ്യമ രംഗത്തെ ചലനങ്ങൾ നിരന്തരം ശ്രദ്ധിച്ചു സമൂഹത്തിലെ നന്മക്കനുകൂലമായും, തിന്മകൾക്കെതിരെയും മാധ്യമങ്ങൾക്കു , പ്രവർത്തിക്കാനായി വഴി ഒരുക്കുന്ന, പ്രചോദനം നൽകുന്ന നിരവധി സംരംഭകർ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്തമേരിക്കയുടെ ഒപ്പം എപ്പോളുമുണ്ടായിരുന്നു . ഈ വർഷത്തെ ഞങ്ങളുടെ കൊച്ചിയിലെ വർണാഭമായ മാധ്യമ പുരസ്‌കാര വേദി സാധ്യമാക്കിയത് കേരളത്തിലെ സംരഭകരായ ശ്രീ സാജൻ വർഗീസും ശ്രീമതി മിനി സാജനും നയിക്കുന്ന സാജ് ഗ്രൂപ്പാണ്. അമേരിക്കയിലെയും കേരളത്തിലെയും നിരവധി സംരംഭകരും ഇതിന്റെ ഭാഗമായി ഇന്ത്യ പ്രസ് ക്ലബ്ബിനെ ഇപ്പോഴും അകമഴിഞ്ഞ് സഹായിക്കുന്നു. ഓരോരുത്തരെയും പുരസ്‌കാര വേദിയിൽ ആദരിക്കുന്നതായിരിക്കും.

കേരളത്തിലെ ഒട്ടുമിക്ക മുഖ്യധാരയിൽ നിന്നുള്ള മാധ്യമ പ്രവർത്തകരെയും, രാഷ്ട്രീയ രംഗത്തെ അതികായരെയും, നോർത്തമേരിക്കയിലെ രാഷ്ട്രീയ സാമൂഹിക, സാംസ്‌കാരിക രംഗങ്ങളിലെ പ്രമുഖരെയും പങ്കെടുപ്പിച്ചു ഇന്ത്യ പ്രസ് ക്ലബ് അംഗങ്ങളുടെയും പ്രതിനിധ്യത്തോടെ എല്ലാ രണ്ടു വർഷവും നടത്തുന്ന അന്താരാഷ്ട്ര കോൺഫറൻസ് നോർത്തമേരിക്കയിലെ മാധ്യമപ്രവർത്തകർക്കു നൽകുന്ന പ്രചോദനവും അറിവും വാക്കുകൾക്കതീതമാണ്. ലോകത്തിലെ തന്നെ ഏറ്റവും വലിയ മാധ്യമ കൂട്ടായ്മയാണ് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക 2025 ഒക്ടോബർ ആദ്യവാരം ന്യൂ ജേഴ്‌സി എഡിസണിലുള്ള ഷെറാട്ടൺ ഹോട്ടൽ ആൻഡ് കൺവെൻഷൻ സമുച്ചയത്തിൽ നടത്താൻ പോകുന്നത്.

തിരിഞ്ഞു നോക്കുമ്പോൾ വളരെ ചാരിതാർഥ്യത്തോടെ പറയാം, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക മലയാള– ലോക മാധ്യമ രംഗത്തെ ഒരു അവിഭാജ്യ ഘടകമായി മാറിക്കഴിഞ്ഞു. ഇത് ഒരു അതിശയോക്തിയായി പറയുകയല്ല. മാധ്യമപ്രവർത്തകർ ഒന്നിച്ചു നിന്ന് സംഘടനകളുമായി ആശയവിനിമയം നടത്തി മാധ്യമ പ്രവർത്തകരുടെ വൈഷമ്യങ്ങൾ നീക്കി അവരെ പിന്തുണക്കണം എന്ന കൂട്ടായ തീരുമാനത്തിന്റെ ഭാഗമായിട്ടായിരുന്നു ഇത് രൂപപ്പെട്ടത് .

ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ ചെറിയ ആ തുടക്കം ഇന്ന് ബ്രിഹത്തായ ഒരു മാധ്യമ സംഘടനയായി രൂപപ്പെട്ടിരിക്കുന്നു എന്നത് ഞാൻ വലിയ ഒരു നേട്ടമായി കരുതുന്നു. വല്ലപ്പോഴും ഒരുമിച്ചു കൂടി അനുഭവങ്ങൾ പങ്കിടുക എന്ന ചിന്ത മാത്രമായിരുന്നു നാഷണൽ കോൺഫറൻസ് കൊണ്ടുദ്ദേശിച്ചത് എന്ന് ആദ്യ പ്രസിഡണ്ട് ജോർജ് ജോസഫ് പറഞ്ഞു, എന്നാൽ പിന്നീടത് അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ് ആയി അമേരിക്കയിലും, പിന്നീട് ഇതേ പോലെയുള്ള ഏറ്റവും വലിയ മാധ്യമ പുരസ്‌കാര വേദിയായി വളർന്നു.

അമേരിക്കയിലെ മാധ്യമ പ്രവർത്തനങ്ങളുടെ ചരിത്രം എടുത്താൽ അത് അത്ര സുഗമമായ ഒന്നല്ല. മാധ്യമ പ്രവർത്തകർ തങ്ങളുടെ ജീവിതം ബലിയർപ്പിച്ചു എന്ന് പറയുന്നതിൽ ഒട്ടും തെറ്റില്ല .

മാധ്യമങ്ങളുടെ വരുമാന മാർഗമെല്ലാം അടഞ്ഞതുകൊണ്ട് ജീവനക്കാർക്കു ശമ്പളം കൊടുക്കാൻ പെടാപ്പാടുപ്പെട്ട മാധ്യമങ്ങൾ ഇപ്പോൾ യാഥാർത്ഥ്യമാണ് . പൊതുവായി പറഞ്ഞില്ലെങ്കിലും മാധ്യമ സുഹൃത്തുക്കളിലൂടെ ഇതെല്ലാം അറിയാനായി .

ചാനലിലെ വർണപ്പൊലിമ കാണുന്ന പ്രേക്ഷകർ റിമോട്ടിൽ ചാനലുകൾ മാറ്റുമ്പോൾ തിരശീലക്കു പിന്നിലെ വേദനയും, പെടാപ്പാടും ദൈന്യതയും അറിയുന്നതേയില്ല. സ്വന്തം വീടുകൾ പോലും നൂതനമായ സാങ്കേതിക വിദ്യ വഴി ചാനൽ സ്റ്റുഡിയോ ആക്കിയത് നേരിട്ടറിഞ്ഞതാണ്.


India Press Club of North America
IPCNA
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN &
MINI SAJAN
GOLD
SPONSOR
NOAH GEORGE
GLOBAL COLLISION
& BODY WORKS LLC

# ജന്മനാടിന് ആദരവുമായി
# പുരസ്കാര സന്ധ്യ



**സുനിൽ തൈമറ്റം**
**അഡ്വൈസറി ബോർഡ് ചെയർമാൻ**
**ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക**

അമേരിക്കയിലെയും കാനഡയിലെയും മലയാളി മാധ്യമപ്രവർത്തകരുടെ കൂട്ടായ്മയായ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ അഭിമാന പദ്ധതിയാണ് മാധ്യമ രംഗത്തെ പ്രഗത്ഭർക്ക് മാധ്യമശ്രീ – മാധ്യമരത്ന പുരസ്കാരങ്ങൾ. കൂടാതെ മാധ്യമ രംഗത്തെ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവർക്കും പുരസ്കാരം നൽകി വരുന്നു.

രണ്ട് വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന ഈ പുരസ്കാരദാന ചടങ്ങിനാണ് ഗോകുലം കൺവെൻഷൻ സെന്റർ ഇന്ന് വേദിയാവുന്നത്. പുരസ്കാരങ്ങൾക്ക് അർഹരായ പ്രിയപ്പെട്ട മാധ്യമ സുഹൃത്തുക്കൾക്കും ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ അഡ്വൈസറി ബോർഡിന്റെ പേരിൽ അഭിനന്ദനങ്ങൾ നേരുന്നു.

പ്രവാസജീവിത തിരക്കുകൾക്കിടയിലും മാധ്യമപ്രവർത്തനം അഭിനിവേശമായി കൊണ്ട് നടക്കുന്ന ഒരു കൂട്ടം ആളുകളുടെ കൂട്ടായ്മയാണ് ഞങ്ങളുടെ സംഘടന. ജന്മനാട്ടിലെ മാധ്യമ പ്രവർത്തകർക്ക് അവർക്കുള്ള അർഹതക്ക് അംഗീകരമായി നൽകുന്ന സമർപ്പണമാണ് മാധ്യമശ്രീ – മാധ്യമരത്നാ പുരസ്കാരങ്ങൾ.

വർണശബളമായ ഈ ചടങ്ങ് സംഘടിപ്പിക്കാൻ നേതൃത്വം നൽകുന്ന സുനിൽ ട്രൈസ്റ്റാർ –ഷിജോ പൗലോസ് –വിശാഖ് ചെറിയാൻ –അനിൽ ആറന്മുള –ആശാ മാത്യു –റോയ് മുളങ്കുന്നം ടീമിന് എല്ലാവിധ പിന്തുണയും. ആശംസകളും നേരുന്നു.

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രവർത്തന ചരിത്രത്തിന്റ ഏടുകളിലേക്ക് അഭിമാനപൂർവം എഴുതിച്ചേർക്കുന്ന ഈ മഹനീയ ചടങ്ങിലേക്ക് ഏവർക്കും ഹൃദയപൂർവം സ്വാഗതം! !

# MADHYAMASREE MADHYAMARATNA MEDIA EXCELLENCE Awards

PLATINUM EVENT SPONSOR

SAJ GROUP
HOTELS & RESORTS




SAJAN & MINI SAJAN

## GOLD SPONSOR



## JOHN P. JOHN
CANADA

# കൊച്ചിയെ കൊതിപ്പിക്കാൻ
# ഒരിക്കൽ കൂടി



**ഷിജോ പൗലോസ്**
**ജനറൽ സെക്രട്ടറി**

കൊച്ചി നഗരം പല മഹാസമ്മേളനങ്ങൾക്കും വേദിയായിട്ടുണ്ട്. എന്നാൽ എന്നും ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഒരുക്കിയ എല്ലാ സമ്മേളനങ്ങളും വേറിട്ടതും, കാലത്തിനൊപ്പം സഞ്ചരിച്ചിട്ടുള്ളവയുമായിരുന്നു. ഞങ്ങളുടെ സമ്മേളനങ്ങൾ കൊച്ചിയെ കുളിരണിയിക്കുന്ന കാഴ്ചകളാണ് സമ്മാനിച്ചിട്ടുള്ളത് എന്ന് മലയാളക്കരയിലെ മാധ്യമ പ്രവർത്തകർ തുറന്നു പറഞ്ഞിട്ടുണ്ട്. അതിനുദാഹരണങ്ങളാണ് വ്യത്യസ്തങ്ങളായ പ്രവർത്തന രീതികൾ ഉള്ള മാധ്യമങ്ങളുടെ തലവന്മാരും പ്രവർത്തകരും ഒരുമിച്ചു ഒരു വേദിയിൽ പ്രത്യക്ഷപ്പെടുന്നത്. എന്തിന് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയെയും പ്രതിപക്ഷത്തായിരുന്ന പിണറായി വിജയനെയും ഒരേവേദിയിൽ കേരളം കണ്ടത് ഇന്ത്യ പ്രസ് ക്ലബ് സമ്മേളനത്തിലാണ്.

കഴിഞ്ഞ സമ്മേളനത്തിൽ കൊച്ചിയുടെ കൺനിറയിച്ച കാഴ്ചയായിരുന്നു ഞങ്ങളുടെ ഗുരുവന്ദനം.


വാർദ്ധക്യത്തിന്റെ തുരുത്തിൽ ഒറ്റപ്പെട്ടുപോയ ഒരുപക്ഷെ അവരുടെ സ്ഥാപനങ്ങൾ പോലും മറന്നുപോയ മലയാളത്തിന്റെ നാലു പത്രപ്രവർത്തകരെ തങ്കപ്പതക്കം നൽകി ആദരിച്ച ഗുരുവന്ദനം.

പക്ഷങ്ങളൊന്നുമില്ലാതെ നിറസ്നേഹവും സൗഹൃദവും മാത്രം പങ്കുവെക്കുന്ന ഒരു പ്രവാസികൂട്ടായ്മയുടെ സംഗമ വേദിയിലേക്ക് ഒരിക്കൽ കൂടി ഞങ്ങളുടെ ചങ്ങാതിമാർക്ക് സുസ്വാഗതം.


India Press Club of North America
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN &
MINI SAJAN
GOLD
SPONSOR
DILIP
VERGHESE

# The Impact of Kerala Media

# A Catalyst for the State's Progress and Growth



**Vishakh Cherian**
Treasurer

Kerala, celebrated for its remarkable literacy rate, comprehensive social welfare systems, and vibrant cultural heritage, owes much of its development to the pivotal role played by the media. The state's media ecosystem, deeply intertwined with both traditional and digital platforms, has been instrumental in steering social, political, and economic progress. Beyond this, Kerala's media has also been a powerful tool in preserving and promoting the state's unique cultural identity, ensuring that its traditions, values, and local stories reach wider audiences both within and beyond its borders.

**Media's Role in Education and Literacy**

One of the most significant contributions of Kerala's media has been in the field of education and literacy. Kerala stands as a model in terms of education, with one of the highest literacy rates in India. This achievement can be largely attributed to the consistent efforts of media outlets in promoting education, raising awareness about the importance of literacy, and encouraging government and community initiatives aimed at providing quality education for all.

Newspapers such as Mathrubhumi and Malayala Manorama have long been champions of education, publishing special supplements, articles, and educational content designed to inform and engage readers on various academic subjects. Kerala's media also helped popularize the state's education-centric policies, providing a platform for discussions on key issues related to the schooling system, from teacher training to access to resources.

Television channels like Doordarshan Kerala have further extended their contributions by airing educational programs focused on diverse topics such as science, social issues, and history. These platforms have played an essential role in educating viewers, particularly in rural areas, where formal educational resources may be limited.

**Media and Kerala's Cultural Identity**

Kerala's rich cultural heritage, which includes its traditional art forms, festivals, music, and cuisine, has been widely promoted by the media. The state's media, both in print and broadcast, has been instrumental in preserving and celebrating Kerala's cultural identity while also showcasing its diversity. Local television channels have played a significant role in broadcasting traditional cultural programs, including performances of Kathakali, Mohiniyattam, Koodiyattam, and other classical art forms. These programs not only serve as a source of entertainment but also play an important role in educating younger generations about Kerala's artistic heritage.

# India Press Club of North America

## MADHYAMASREE MADHYAMARATNA MEDIA EXCELLENCE Awards

PLATINUM EVENT SPONSOR

SAJ GROUP
HOTELS & RESORTS



SAJAN & MINI SAJAN

## GOLD SPONSOR



# ANIYAN GEORGE

Malayalam cinema, supported by media outlets, has also been a significant cultural export for the state. Films from Kerala have captured the essence of its society, its history, and its values, helping to shape both the state's image and the broader cultural narrative of the region.

**Economic Growth and Media's Impact**

The economic development of Kerala has been closely tied to its media industry, which has played a key role in promoting various sectors such as tourism, agriculture, healthcare, and technology. Tourism, in particular, has greatly benefited from Kerala's media coverage, which highlights the state's natural beauty, historical sites, and unique cultural experiences. Media campaigns like "God's Own Country" have helped position Kerala as a leading global tourist destination, significantly contributing to the state's economy by attracting both domestic and international travelers.

Furthermore, Kerala's media has supported its thriving agricultural sector by educating farmers about modern techniques, government policies, and market opportunities. With a focus on organic farming and sustainable agriculture, Kerala's media has raised awareness about the importance of eco-friendly farming practices, furthering the state's reputation as a model for rural development.

The media has also supported Kerala's expanding health and wellness sector. Television programs, news reports, and radio segments have consistently promoted the state's healthcare services, including its success in public health campaigns. Kerala's focus on maternal health, sanitation, and disease prevention has been highlighted through media outreach, which has helped improve overall health standards and raise awareness about health policies.

**Digital Media and Its Transformative Impact**

In recent years, digital media has revolutionized the way information is consumed and shared in Kerala. With one of the highest internet penetration rates in India, Kerala has seen a surge in the use of online platforms for news, entertainment, education, and social interaction. Digital media has enabled the people of Kerala to access real-time information and has opened new avenues for public discourse and engagement.

Online platforms such as Manorama Online, Mathrubhumi Online, and The New Indian Express have made it possible for people to stay informed and participate in ongoing discussions, regardless of their geographical location. Social media platforms like Facebook, Instagram, and X have become essential tools for raising awareness about social issues, organizing movements, and connecting communities.

In addition, Kerala's media industry has seen an influx of local bloggers, vloggers, and digital content creators who share the state's cultural, social, and political stories with a global audience. These creators have helped amplify Kerala's voice on the world stage, furthering its reputation as a progressive, dynamic, and culturally rich state.

**Media's Role in Political Engagement and Awareness**

Kerala's media has long played an active role in promoting political awareness and engagement. Given the state's high literacy rate and active political discourse, the media serves as a critical platform for the discussion of policies, governance, and public issues. Newspapers and news channels regularly cover political events, elections, and public debates, helping citizens make informed decisions.

In particular, Kerala's media has been a vital tool in ensuring transparency and accountability in governance. By scrutinizing government policies, reporting on public concerns, and fostering civic dialogue, media outlets have helped create a more engaged and politically aware populace.

**Conclusion**

Kerala's media has proven to be a powerful force in the state's cultural, financial, and educational development. Through its role in promoting literacy, celebrating cultural identity, supporting economic growth, and fostering political awareness, Kerala's media has been a critical partner in the state's progress. As the media continues to evolve with technological advancements, it will remain an essential driver of Kerala's future development, enabling citizens to stay informed, engaged, and connected. The contribution of media to Kerala's success story cannot be overstated—it continues to shape the state's narrative, inspire social change, and foster an informed, active, and dynamic society.


India Press Club of North America
IPCNA
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN &
MINI SAJAN
GOLD
SPONSOR
BINOY
THOMAS

# OFFICIALS



**Sunil Tristar**
(Samuel Easo)
National President



**Shijo Poulose**
National Secretary



**Vishakh Cherian**
National Treasurer



**Anil Kumar Aranmula**
National
Vice President



**Asha Mathew**
Joint Secretary



**Roy Mulakunnam**
Joint Treasurer



**Sunil Thymattam**
Advisory Board
Chairman



**Raju Pallath**
President Elect
2026-27

India Press Club of North America

MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards

PLATINUM
EVENT SPONSOR

SAJ GROUP
HOTELS & RESORTS



SAJAN & MINI SAJAN

# SILVER SPONSOR



# JAMES GEORGE
## WellCare Pharmacy

# ADVISORY BOARD



**Sunil Thymattam**
Advisory Board Chairman



**Shijo Poulose**



**Raju Pallathu**



**Biju Kizhakkekuttu**



**Sunil Tristar**



**Madhu Kottarakkara**



**Taj Mathew**



**Sivan Muhamma**



**Jose Florida**



**Vincent Emmanuel**



**Reji George**




**George Joseph**


India Press Club of North America
India Press Club of North America
IPCNA
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN &
MINI SAJAN
SILVER
SPONSOR
SAJIMON
ANTONY

# ലോക നിലവാരത്തിലേക്ക് എത്താൻ

# മാധ്യമ പിന്തുണ



**രാജു പള്ളത്ത്**
**(വറുഗീസ് ജോൺ)**
**ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക**
**(പ്രസിഡന്റ് എലെക്റ്റ്)**

അമേരിക്കൻ മലയാള മാധ്യമ ചരിത്രത്തിൽ പുതുആവേശം നിറച്ച് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക 2025 കേരളാ സമ്മേളനത്തിന് തിരശീല ഉയരുകയാണ്. മാധ്യമരംഗത്ത് നിരവധി സംഭാവനകൾ നൽകുന്ന വടക്കേ അമേരിക്കയിലെ മലയാളി മാധ്യമപ്രവർത്തകരുടെ കൂട്ടായ്മയായ ഐ.പി.സി. എൻ.എ.യുടെ മാധ്യമശ്രീ, മാധ്യമരത്ന, മീഡിയ എക്സലൻസ് പുരസ്കാരങ്ങളും മറ്റ് നിരവധി പുരസ്ക്കാരങ്ങളും നൽകുകയാണല്ലോ. മാധ്യമ രംഗത്തെ ഏറ്റവും വലിയ പുരസ്ക്കാര രാവായിരിക്കും ബോൾഗാട്ടി പാലസിൽ അരങ്ങേറുക. എഴുത്തുകാരൻ, മുൻ പത്രപ്രവർത്തകൻ എന്നീ നിലകളിൽ ശോഭിച്ച ഇപ്പോൾ നിയമ/വ്യവസായ മന്ത്രിയായ പി. രാജീവ്, റവന്യൂമന്ത്രി കെ. രാജൻ, ഗതാഗത മന്ത്രി കെ.ബി. ഗണേഷ് കുമാർ, ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, പ്രതിപക്ഷ നേതാവ് തുടങ്ങിയവരും അമേരിക്കയിലെ പത്രപ്രവർത്തകരും പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാറിനൊപ്പം പങ്കെടുക്കും.

പുതിയൊരു ഊർജ്ജവും പ്രതിബദ്ധതയുമാണ് ഐ.പി.സി. എൻ.എ. കേരളാ സമ്മേളനം മലയാള മാധ്യമരംഗത്തിന് പകർന്നിട്ടുള്ളതെന്ന് സമ്മേളനത്തിനായുള്ള തയ്യാറെടുപ്പുകൾ ചൂണ്ടിക്കാട്ടുന്നു. എ.ഐ. വിപ്ലവമെഴുതന്ന നാളുകളിൽ ലോക നിലവാരത്തിലേക്ക് മലയാള മാധ്യമപ്രവർത്തനത്തെ കൈ പിടിച്ചുയർത്തുക ശ്രമകരമായ ദൗത്യമാണെന്ന് തിരിച്ചറിഞ്ഞ് തന്നെയാണ് ഐ.പി.സി. എൻ.എ.യുടെ ഓരോ ചുവടുവെയ്പും.

മലയാള പത്രപ്രവർത്തനരംഗത്തെ വിവിധ വശങ്ങളെക്കുറിച്ച് അറിയാനും അറിയിക്കാനുമുള്ള ഒട്ടേറെ യത്നങ്ങൾ വ്യത്യസ്ഥരംഗങ്ങളിലായി നിരന്തരമായി നടന്നുവരികയും ചെയ്യുന്നു. സംസ്കാരങ്ങളിലൂടെയും സമ്മേളനങ്ങളിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും കേരളത്തിൽനിന്നും അമേരിക്കയിൽ നിന്നും എത്തുന്നവർക്കായി നമുക്ക് കാതോർക്കാം. പുതിയ മേഖലകളിലേക്ക് കടന്ന് ചെല്ലാനുള്ള നമ്മുടെ വാഞ്ചയാണ് ഈ സമ്മേളനത്തിലൂടെ ലഭ്യമാകുന്നതെന്ന് അറിയുക.

# India Press Club of North America

## MADHYAMASREE MADHYAMARATNA MEDIA EXCELLENCE Awards

PLATINUM EVENT SPONSOR

SAJ GROUP HOTELS & RESORTS

SAJAN & MINI SAJAN


## SILVER SPONSOR



## JOHNSON GEORGE

### GJ Vacations

# മാദ്ധ്യമ സ്വാതന്ത്ര്യം ഇൻഡ്യയിൽ



**റോയി മുളകുന്നം**

മാദ്ധ്യമ സ്വാതന്ത്ര്യം ലോക റാങ്കിങ്ങിൽ180-ൽ 161-ാം സ്ഥാനത്തേക്ക് കൂപ്പുകുത്തിയിരിക്കുകയാണ് ഇൻഡ്യ ഇന്ന്. ഇൻഡ്യയിൽ മാദ്ധ്യമ സ്വാതന്ത്ര്യം കൂടുതലായി ഹനിക്കപ്പെട്ടത് 1975 ജൂൺ 25 ന് പ്രഖ്യാപിക്കപ്പെട്ട ആഭ്യന്തര അടിയന്തിരാവസ്ഥയെ തുടർന്നാണ്, പത്രസ്ഥാപനങ്ങൾക്ക് കൂച്ചുവിലങ്ങ് ഇടുകയും സെൻസർഷിപ്പ് ഏർപ്പെടുത്തുകയും മാദ്ധ്യമപ്രവർത്തകരെ തുറങ്കിലടക്കുകയും  വാർത്തകളറിയാനുള്ള പൗരന്റെ സ്വാതന്ത്ര്യത്തെ നിഷേധിക്കുകയും ചെയ്യുന്നത് നാം കണ്ടു. കഴിഞ്ഞ പത്തു വർഷമായി ഇതിന്റെ തനിയാവർത്തനമാണ് അധികാര വർഗ്ഗം അതി ദേശീയത  ഉയർത്തിക്കാണിച്ച് ഭരണവർഗ്ഗ വിമർശനങ്ങളെ ദേശ വിരുദ്ധമായി കാണിച്ച് തുറുങ്കിലടക്കുകയോ പണം കൊടുത്തു ബിനാമികളെകൊണ്ട് സ്ഥാപനങ്ങളെ വാങ്ങിച്ച് മാധ്യമ പ്രവർത്തകരെ ഭയപ്പെടുത്തി വരുതിയിലാക്കുകയോ തങ്ങൾക്കനുകൂലമായി ദാസ്യവേല ചെയ്യിക്കുകയോ ചെയ്യുന്നതാണ് നാം ഇപ്പോൾ കണ്ടു കൊണ്ടിരിക്കുന്നത്

എന്നാൽ മാദ്ധ്യമ സ്വാതന്ത്ര്യത്തിന്റെ ഏറ്റവും വലിയ ഉദാഹരണം അമേരിക്കൻ പത്രപ്രവർത്തന ചരിത്രത്തിലെ ഏറ്റവും വലിയ സ്കൂപ്പുകളിലൊന്നായ പെന്റഗൺ പേപ്പേഴ്സിന്റെ കഥയാണ്. വിയറ്റ്നാമിൽ അമേരിക്ക നടത്തിയ ഭീകരപ്രവർത്തനമാണ് പെന്റഗൺ പേപ്പേഴ്സിൽ ഉണ്ടായിരുന്നത്.അത് പ്രസിദ്ധികരിച്ചാൽ അമേരിക്കയ്ക്ക് ലോക രാഷ്ട്രങ്ങൾക്കിടയിലുണ്ടാക്കുന്ന നാണക്കേടു പോലും പരിഗണിക്കാതെ മാദ്ധ്യമ സ്വാതന്ത്ര്യത്തിന്റെയും വാർത്തകൾ അറിയാനുള്ള പൗരന്റെ സ്വാതന്ത്ര്യത്തേയും പരിഗണിച്ച് 1971 ൽ പ്രസിദ്ധികരിച്ച ന്യൂയോർക്ക് ടൈംസ് ഇന്നും തലയുർത്തി അമേരിക്കയിൽ നിലനിൽക്കുന്നു.ദേശസുരക്ഷ ചൂണ്ടിക്കാട്ടി കോടതി വാർത്ത പ്രസിദ്ധികരണം നിരോധിച്ചെങ്കിലും വാർത്ത ചോർത്തിയെടുത്ത് വാഷിംഗ്ടൺ പോസ്റ്റ് പെന്റഗൺ പേപ്പേഴ്സ് പ്രസിദ്ധീകരിക്കുന്നു.

അടുത്ത ദിവസങ്ങളിൽ അമേരിക്കൻ സുപ്രീം കോടതി മാദ്ധ്യമ സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുന്നു. പത്രസ്വാതന്ത്ര്യം ഹനിക്കുന്ന ഒരു നിയമവും പാടില്ലെന്നായിരുന്നു അമേരിക്കൻ ഭരണഘടനയുടെ ആദ്യ ഭേദഗതി എങ്കിൽ ഇൻഡ്യയുടെ ആദ്യ ഭരണഘടനാ ഭേതഗതിയുടെ ലക്ഷ്യങ്ങളിലൊന്ന് ആവിഷ്ക്കാര സ്വാതന്ത്ര്യത്തിലുള്ള നിയന്ത്രണങ്ങളായിരുന്നു . സ്കാൻഡിനേവിയൻ രാജ്യങ്ങളിലെയോ അമേരിക്കയിലേയോ പോലെയുള്ള മാദ്ധ്യമ സ്വാതന്ത്ര്യം എന്നാണ് ഇൻഡ്യയിലുണ്ടാകുന്നത് എന്ന് ജനതയും മാദ്ധ്യമപ്രവർത്തകരും വേഴാമ്പലിനെ പോലെ കാത്തിരിക്കാം. ചെറിയതോതിലെങ്കിലുമുള്ള സാമൂഹിക മാദ്ധ്യമ സ്വാതന്ത്ര്യത്തിൽ നമുക്ക് സായൂജ്യമടയാം.

# India Press Club of North America

## MADHYAMASREE MADHYAMARATNA MEDIA EXCELLENCE Awards


PLATINUM EVENT SPONSOR

SAJ GROUP
HOTELS & RESORTS



SAJAN & MINI SAJAN

## JOURNALISM EDUCATION SUPPORT



## JIJU KULANGARA

India Press Club of North America
IPCNA

# Special EDITION



# സാജൻ & മിനി സാജൻ



# സംരംഭകർക്കൊരു വിജയമന്ത്രം: മിനി സാജൻ

മീട്ടു റഹ്മത്ത് കലാം

**ആഗോള സാമ്പത്തികമാന്ദ്യ കാലത്തും പ്രളയാനന്തരവും പ്രതിസന്ധികളെ അതിജീവിച്ച് സ്വന്തം ബ്രാൻഡ്നെയിം ലോകമലയാളികൾക്കിടയിൽ അരക്കിട്ടുറപ്പിക്കാൻ സാജ് ഹോൾഡിങ്സ് എന്ന ലിമിറ്റഡ് കമ്പനിക്ക് സാധിച്ചത് തനതായ നിലവാരം നിലനിർത്തിയതുകൊണ്ടാണെന്ന് അതിന്റെ സാരഥികളായ സാജൻ വർഗീസും പത്നി മിനി സാജനും പറയുന്നു. സത്യസന്ധത കൈവെടിയാതെയും നൈതികത ചോരാതെയും സൂക്ഷിച്ചാൽ ഏതു പ്രതികൂല അവസ്ഥയിലും ഫീനിക്സ് പക്ഷിയെപ്പോലെ പറന്നുയരാനാകുമെന്നതിന് ഉദാഹരണമാണ് ഈ വിജയഗാഥ. സാജ് എർത്ത് റിസോർട്ട്, സാജ് വാഗമൺ ഹൈഡ് ഔട്ട്, സാജ് ലൂസിയ എന്നിങ്ങനെ കൈവച്ചതിലൊക്കെയും വെന്നിക്കൊടി പാറിക്കാൻ ഈ ദമ്പതികൾക്ക് സാധിച്ചത് അത്യധ്വാനത്തിലൂടെയും കഠിനപ്രയത്നത്തിലൂടെയുമാണ്. ട്രാവൽ ആൻഡ് ഹോസ്പിറ്റാലിറ്റി രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയതിന്റെ പേരിൽ നിരവധി അംഗീകാരങ്ങളും സാജ് ഗ്രൂപ്പിനെ തേടിയെത്തിയിട്ടുണ്ട്. ജനാല തുറന്നാൽ കായലും കടലും സംഗമിക്കുന്ന മനോഹരദൃശ്യം കാണാവുന്ന മറൈൻ ഡ്രൈവിലെ പുതുവസതിയിലിരുന്ന് കാൽനൂറ്റാണ്ടിന്റെ ബിസിനസ് അനുഭവങ്ങൾ സാജ് ഹോൾഡിങ്സ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ മിനി സാജൻ പങ്കുവയ്ക്കുന്നു...**





**തൊണ്ണൂറുകളിൽ കേരളത്തിൽ ബിസി
നസ് നടത്തി ശോഭിച്ച സ്ത്രീകൾ
ബിസിനസ്  പാരമ്പര്യമുള്ളവരാണ്.
അങ്ങനെ യാതൊരു പശ്ചാത്തലവു
മില്ലാത്ത ഒരാളെ ഈ മേഖലയിൽ
കൂടെ കൂട്ടാൻ സാജൻ വർഗീസ്
എന്ന ഭർത്താവ് കാണിച്ച ധൈര്യത്തെ
എങ്ങനെ നോക്കിക്കാണുന്നു?**

26 വയസ്സുള്ളപ്പോൾ സിനിമാനിർമ്മാണ രംഗ
ത്ത് സ്വന്തമായ ഇരിപ്പിടം നേടിയ വ്യക്തിയാണ്
സാജൻ വർഗീസ്.  80–90 കാലഘട്ടത്തിൽ
സാജ് പ്രൊഡക്ഷൻസ് എന്ന ബാനറിൽ
അദ്ദേഹം സിനിമകൾ  നിർമ്മിച്ചിരുന്നു.
മമ്മൂട്ടിയുടെ ബ്ലോക്ക്ബസ്റ്റർ ചിത്രമായ
ആവനാഴി, മോഹൻലാലിന്റെ 'കടത്തന
ാടൻ അമ്പാടി' എന്നിങ്ങനെ 29 സിനിമകൾ ആ
ബാനറിൽ പിറവികൊണ്ടു. പിന്നീടാണ്  കേരള
ത്തിലെ ആദ്യത്തെ ഫ്ലൈറ്റ് കാറ്ററിംഗ് സ്ഥാപന
മായ സാജ് ഫ്ലൈറ്റ് കാറ്ററിങ്ങിന് തുടക്കംകുറി
ച്ചത് .  തിരുവനന്തപുരത്ത് ആരംഭിച്ച്  ക്രമേണ
കൊച്ചി,കോഴിക്കോട്,ചെന്നൈ,ബാംഗ്ലൂർ,ഡൽ
ഹി എന്നീ സ്ഥലങ്ങളിലെ എയർ
പോർട്ടുകളിലും യൂണിറ്റ് തുടങ്ങി.  98 ൽ വിവാ
ഹത്തോടെ ബാങ്കിലെ ജോലി രാജിവച്ച് ഒരുവർ
ഷം പിന്നിട്ടപ്പോൾ ബാങ്കിങ് രംഗത്തെ എന്റെ
പ്രവർത്തനപരിചയം വച്ച് സാജ് ഫ്ലൈറ്റ്




കാറ്ററിങ്ങിന്റെ അക്കൗണ്ടന്റായി പ്രവർത്തിച്ചുകൂടേ എന്നുള്ള ഭർത്താവിന്റെ ചോദ്യമാണ് ജീവിതം മാറ്റിമറിച്ചത്. സാജ് ഗ്രൂപ്പിന്റെ ചെയർമാന്റെ ഭാര്യ ആയതുകൊണ്ട് നേരേ സിഇഒ കസേരയിൽ എത്തിയ ആളല്ല ഞാൻ. അക്കൗണ്ടന്റായിത്തുടങ്ങി പടിപടിയായാണ് ഈ സ്ഥാനത്തെത്തിയത്.

## സാജ് ഫ്ളൈറ്റ് കാറ്ററിങ്ങിന്റെ ഭാഗമായപ്പോഴുള്ള അനുഭവം?

നമ്മുടെ മേൽ ഒരാൾ പ്രതീക്ഷ അർപ്പിക്കുമ്പോൾ അതിനോട് നൂറുശതമാനം നീതി പുലർത്തണമെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. ഇന്റർനെറ്റും ഗൂഗിളും ഒന്നും പ്രചാരത്തിലായിട്ടില്ല. യാതൊരു അനുഭവപരിജ്ഞാനവുമില്ലാത്ത മേഖലയെക്കുറിച്ച് പുസ്തകങ്ങൾ വായിച്ചാണ് കാര്യങ്ങൾ മനസ്സിലാക്കിയത്. എയർപോർട്ട് എൻട്രി പാസെടുത്ത് ഫ്ളൈറ്റിൽപോയി,ഇന്റീരിയർ മനസ്സിലാക്കി, സ്വന്തമായി ഡയഗ്രമൊക്കെ വരച്ച് ലോഡിങ് പ്ലാൻ പഠിച്ചു. അടിസ്ഥാനം തൊട്ട് എല്ലാക്കാര്യങ്ങളും അറിഞ്ഞെങ്കിൽ മാത്രമേ ആ രംഗത്ത് നിലനിൽപ്പുണ്ടാകൂ എന്ന ബോധ്യത്തോടെ അത്യധ്വാനത്തിലൂടെ ആഴത്തിൽ തന്നെ അറിവുനേടി. ഒരു ടീമിനെ നയിക്കണമെങ്കിലും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെങ്കിലും ഒരുമാത്ര ചിന്തിച്ചുപോലും സമയംപാഴാക്കാതെ സംശയങ്ങൾക്ക് പരിഹാരം നമ്മുടെ പക്കൽ ഉണ്ടായിരിക്കണമെന്ന നിർബന്ധബുദ്ധി അന്നുമിന്നുമുണ്ട്.

## എന്തുകൊണ്ടാണ് ഫ്ളൈറ്റ് കാറ്ററിങ് മേഖലയിൽ നിന്ന് പിന്മാറിയത്?

2008ൽ ആഗോളതലത്തിൽ സാമ്പത്തികമാന്ദ്യം വന്നത് എയർലൈൻ വ്യവസായത്തെ സാരമായി ബാധിച്ചു. എയർ ഡെക്കാൻ,കിങ്ഫിഷർ,സ്പൈസ്ജെറ്റ് പോലുള്ള ലോ–കോസ്റ്റ് എയർലൈനുകളുടെ ആവിർഭാവവും ആ സമയത്താണ്. 'ബൈ ഓൺ ബോർഡ്' എന്ന ആശയം വന്നതും കാറ്ററിങ് രംഗത്തുനിന്നുള്ള വരുമാനം കുറയാൻ കാരണമായി. മറ്റൊരു രംഗത്തേക്ക് ചുവടുമാറിയത് എന്നെ സംബന്ധിച്ച് ഹൃദയഭേദകമായിരുന്നു. പത്തുവർഷംകൊണ്ട് രാപകലില്ലാതെ കഷ്ടപ്പെട്ട് പഠിച്ച പാഠങ്ങളും ആർജ്ജിച്ച അറിവും പെട്ടെന്ന് ഉപയോഗശൂന്യമാകുന്നത് ചിന്തിക്കാൻ പോലും സാധിക്കുമായിരുന്നില്ല. 2002 ൽ തുടക്കം കുറിച്ച റിസോർട്ട് ബിസിനസ് അപ്പോഴേക്കും നല്ല നിലയിലായി. ബിസിനസിൽ ദീർഘവീക്ഷണവും ദൈവാനുഗ്രഹവും ഒരേപോലെ പ്രധാനമാണെന്ന് മനസ്സിലാക്കിത്തന്ന ഒരനുഭവമാണത്.






## റിസോർട്ടിന്റെ മേൽനോട്ടം ഏറ്റെടുത്തപ്പോൾ?

റിസോർട്ടിലെ ഫുഡ് പ്രൊഡക്ഷൻ ഏരിയയിലെ പ്രവർത്തനരീതികൾ ഫ്ലൈറ്റ് കാറ്ററിങ്ങിലേതിന് സമാനമാണെന്ന് മനസ്സിലായതോടെ ഈ രംഗത്ത് പ്രവർത്തിക്കാൻ ധൈര്യമായി. ഹോട്ടലിലെയും ഫ്ലൈറ്റ് കിച്ചണിലെയും രീതികൾ രണ്ടാണെന്ന് പറഞ്ഞ് എന്നെ മാറ്റിനിർത്താനും തർക്കിക്കാനും ചുറ്റും ആളുകൾ നിന്നിട്ടും എന്റെ ചിന്ത ശരിയാണെന്ന ബോധ്യമാണ് മുന്നോട്ടുനയിച്ചത്. ടീം അംഗങ്ങളുടെ വിശ്വാസവും ആദരവും നേടാൻ കഴിഞ്ഞതും ഭാഗ്യമായി കാണുന്നു. വേഗത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളാനും കാര്യക്ഷമമായ തന്ത്രങ്ങൾ നടപ്പിലാക്കാനും സാധിക്കുന്നതാണ് ഞാൻ എന്നിൽ ക്കാണുന്ന മെറിറ്റ്.

ഭക്ഷ്യസുരക്ഷയിലും ക്വാളിറ്റി കൺട്രോളിലുമുള്ള എന്റെ അറിവ് ഹോട്ടൽ വ്യവസായത്തിലേക്ക് കൊണ്ടുവന്ന്, സമാനമായ പ്രക്രിയകൾ അവിടത്തെ പ്രവർത്തനങ്ങളിൽ പ്രയോഗിച്ചത് ഫലവത്തായി.



സ്റ്റോറുകളും പർച്ചേസുകളും സംബന്ധിച്ച എന്റെ വൈദഗ്ധ്യവും ഇത്തരം പ്രയോഗങ്ങൾക്ക് സഹായകമായി. ഹൗസ് കീപ്പിംഗ്, ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻസ് മുതലായ വിഷയങ്ങളിൽ പ്രാവീണ്യം നേടിയെടുക്കുന്നതിനായി ഹോട്ടൽ മാനേജ്മെന്റ് പാഠപുസ്തകങ്ങൾ വീണ്ടും പഠിച്ചു. ക്ലാസിഫിക്കേഷൻ ഓഡിറ്റായാലും ഫുഡ് സേഫ്റ്റി ഓഡിറ്റായാലും ഒന്നിനും പുറത്തുനിന്നൊരു കൺസൾട്ടന്റിന്റെ സേവനം തേടേണ്ടി വന്നിട്ടില്ലെന്നത് അഭിമാനകരമായി കാണുന്നു.കേരളത്തിൽ ഈ അവകാശവാദം ഉന്നയിക്കാൻ മറ്റൊരു ഹോട്ടൽ ശൃംഖലയ്ക്കും സാധിക്കില്ല.

## സാജ് ഗ്രൂപ്പിന്റെ ആതിഥേയത്വതേക്കുറിച്ചെന്നപോലെ ഭക്ഷണത്തെപറ്റിയും കസ്റ്റമേഴ്സ് വാചാലരാകുന്നതിന്റെ രഹസ്യം?

വീട്ടിലായാലും ഞങ്ങളുടെ സ്ഥാപനങ്ങളിലായാലും തീൻമേശയിലെത്തുന്ന വിഭവങ്ങളുടെ കാര്യത്തിൽ എനിക്ക് ചില നിഷ്കർഷകളുണ്ട്. ഓരോ ഭക്ഷണത്തിനും ആവശ്യമായ ചേരുവകൾ എവിടെനിന്ന് വാങ്ങണം എന്ന കാര്യത്തിൽപോലും വിട്ടുവീഴ്ച ചെയ്യില്ല.തനിനാടൻ വിഭവങ്ങൾക്കാണ് ഡിമാൻഡ് എങ്കിലും മൾട്ടി– ക്യൂസീനാണ് ഒരുക്കുന്നത്. ബോർഡ് മീറ്റിംഗിനായും വിവാഹ പാർട്ടികൾക്കായും എത്തിച്ചേരുന്നവർക്ക് ഭക്ഷണകാര്യത്തിൽ വ്യത്യസ്ത താല്പര്യങ്ങളായിരിക്കുമല്ലോ.ചൈനീസ്,നോർത്ത് ഇന്ത്യൻ എന്നിങ്ങനെ എല്ലാം ഉണ്ടായിരിക്കും. ബാങ്ക്വെറ്റ് മെനു കസ്റ്റമൈസ് ചെയ്താണ് കൊടുക്കുന്നത്.റെഡിമെയ്ഡ് മെനുവിൽ ടിക്ക് ചെയ്യിക്കുന്ന ഏർപ്പാടില്ല. ആവശ്യം അറിഞ്ഞ് വിളമ്പുമ്പോൾ മാത്രമേ കൂടുതൽ സംതൃപ്തി ഉണ്ടാകൂ. ചെറുപ്പക്കാർ,കുട്ടികൾ എന്നിങ്ങനെ ഓരോ വിഭാഗത്തിന്റെയും ഇഷ്ടങ്ങൾ പരിഗണിക്കും.

ബേക്കറി ആൻഡ് കൺഫെക്ഷനറിയിൽ ഞാൻ ഡിപ്ലോമ ചെയ്തിട്ടുണ്ട്.സിംഗപ്പൂർ നിന്ന് അതിന്റെ അഡ്വാൻസ്ഡ് കോഴ്സും പഠിച്ചു. ബ്രിട്ടീഷ് പ്ലം കേക്കാണ് മാസ്റ്റർപീസ്. ഫുഡ് സയൻസ്, മൈക്രോബയോളജി, എൻറോംടോളജി എന്നിവയിലുള്ള ശക്തമായ അടിസ്ഥാനവും ഈ രംഗത്ത് നിലയുറപ്പിക്കാൻ ആത്മവിശ്വാസം പകർന്ന ഘടകങ്ങളാണ്.



ഭക്ഷ്യ സുരക്ഷയും ഗുണനിലവാരവും മനസിലാക്കുന്നതിനും ഷെഫുമാർക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകാനും പോരായ്മകൾ ചൂണ്ടിക്കാണിക്കാനുമൊക്കെ ഈ അറിവുകൾ സഹായകമാകുന്നുണ്ട്. ഞാൻ മുൻപ് സൂചിപ്പിച്ചതുപോലെ അറിയാത്തൊരു കാര്യത്തിൽ അഭിപ്രായം പറയാൻ ശ്രമിക്കാറില്ല. കഞ്ഞിയും ചമ്മന്തിയും ആയാല്പോലും സാജിൽ നിന്ന് കഴിച്ചതിന്റെ രുചി ആളുകൾ എടുത്തുപറയണമെന്ന മുൻവിധിയോടെ മികച്ച ഷെഫുമാരെയാണ് ഞങ്ങൾ നിയമിച്ചിരിക്കുന്നത്.

## തിരക്കുകൾ എങ്ങനെയാണ് ബാലൻസ് ചെയ്യുന്നത്?

കംപ്യൂട്ടറൈസ് ചെയ്ത് അണുവിട മാറാതെ കൃത്യമായി കാര്യങ്ങൾ നടപ്പാക്കാൻ ആർക്കും സാധിക്കില്ല. ആഗ്രഹവും നിശ്ചയദാർഢ്യവുമാണ് മുന്നോട്ടുനയിക്കുന്നത്. തിരക്കുകൾക്കിടയിൽ നമ്മുടെ ഇഷ്ടങ്ങൾക്കായി സമയം ലഭിക്കുന്നതല്ല,കണ്ടെത്തുന്നതാണ്. കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, എന്റെ നായ്ക്കുട്ടികളായ റോക്കി,റോമിയോ എന്നിങ്ങനെ എല്ലാവർക്കുവേണ്ടിയും സമയം നീക്കിവയ്ക്കാറുണ്ട്. 'മിനി ടോക്ക്സ്' എന്ന പേരിൽ എനിക്കൊരു യൂട്യൂബ് ചാനലുമുണ്ട്. തീന്മേശയിൽ ശ്രദ്ധിക്കേണ്ട അടിസ്ഥാനകാര്യങ്ങൾ മുതൽ ദൈനംദിനജീവിതത്തിൽ ഉപകാരപ്രദമായ മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോകളാണ് അതിൽ പങ്കുവച്ചിട്ടുള്ളത്.

## സ്വയം വിശ്വസിക്കാൻ കഴിയാത്ത എന്തെങ്കിലും മാറ്റം ജീവിതത്തിൽ സംഭവിച്ചിട്ടുണ്ടോ?

നായ്ക്കളെ വളർത്തുന്നവരുടെ വീടുകൾ സന്ദർശിക്കാൻ പോലും ഭയമായിരുന്നു എനിക്ക്. മുൻ ഡിജിപി രമൺ ശ്രീവാസ്തവ സാർ ആണ് ഒരു നായ്കുട്ടിയെ വാങ്ങി വളർത്തുക എന്ന ആഗ്രഹം ജനിപ്പിച്ചത്. ലാബ്രഡോർ



ആയിരിക്കും അനുയോജ്യം എന്ന് നിർദ്ദേശിച്ചതും അദ്ദേഹമാണ്.റോക്കിയാണ് ആദ്യം ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമായത്. മൂന്നുനാലു വർഷങ്ങൾകൊണ്ട് അതിന്റെ ഡയറ്റ്,വ്യായാമം എന്നിങ്ങനെയുള്ള കാര്യങ്ങൾ പഠിച്ചശേഷമാണ് ഒരാൾകൂടി വേണമെന്ന മോഹമുണ്ടായത്. വേറൊന്നിനെ വാങ്ങാൻ തോന്നിയില്ല. കൊച്ചിൻ എയർപോർട്ടിലെ സിഎസ്എഫ് കമാണ്ടർ വളർത്തുന്ന 'വിന്ററുമായി' റോക്കിയെ ബ്രീഡ് ചെയ്ത് ജനിച്ച ഒൻപത് കുഞ്ഞുങ്ങളിൽ ഒന്നിനെ ഞാനിങ്ങെടുത്തു.അതാണ് റോമിയോ. എന്റെ മടിയിൽ മറ്റൊരാളെ കണ്ട് ആദ്യം റോക്കി അസ്വാരസ്യം പ്രകടിപ്പിച്ചെങ്കിലും ഇപ്പോൾ രണ്ടുപേരും വലിയ കൂട്ടാണ്. റോമിയോ തന്റെ മകനാണെന്ന് റോക്കി തിരിച്ചറിയുമോ എന്ന് ഇടയ്ക്ക് ചിന്തിക്കാറുണ്ട്. നിയമങ്ങളോ നിബന്ധനകളോ ഇല്ലാതെ നിഷ്കളങ്കമായി സ്നേഹിക്കാൻ കഴിയുന്നു എന്നതാണ് എന്നെ അവരിലേക്ക് അടുപ്പിച്ചത്. ഇപ്പോൾ എത്ര തിരക്കായാലും അവരുടെ അടുത്തേക്ക് ഓടിയെത്തണമെന്നാണ് മനസ്സിൽ.

## കോവിഡിന് ശേഷം ടൂറിസം മേഖലയിൽ പുത്തനുണർവ്വ് വന്നിരിക്കുകയാണല്ലോ,മഹാമാരിയുടെ പ്രാരംഭഘട്ടം ഓർത്തെടുക്കാമോ?

കോവിഡ് എല്ലാവരുടെ ജീവിതത്തെയും ബാധിച്ചതുപോലെ ഞങ്ങൾക്കും കനത്ത പ്രഹരമായിത്തന്നെയാണ് അനുഭവപ്പെട്ടത്. ഇനിയെന്ത് ചെയ്യും എന്ന ചോദ്യം വല്ലാതെ കുഴപ്പിച്ചു.

ലോക്ഡൗണിന്റെ ഇളവുകൾ കൊച്ചിയിൽ വന്നപ്പോൾ തെല്ല് ആശ്വാസമായി.മറ്റു റിസോർട്ടുകൾക്കില്ലാത്ത എന്ത് സവിശേഷതയാണ് ആളുകളെ സാജ് ഗ്രൂപ്പിലേക്ക് ആകർഷിക്കുക എന്ന് ചിന്തിച്ചു. സെൻട്രലൈസ്ഡ് എസി ആയാൽ വൈറസ് പടരാനുള്ള സാധ്യത കൂടുതലാണെന്ന് അറിഞ്ഞു. പ്രത്യേകം വില്ലകളാക്കി തിരിച്ചിട്ടുള്ളതും തുറസ്സായ ഇടം കൂടുതൽ ഉള്ളതുമായ ഞങ്ങളുടെ റിസോർട്ടിന്റെ ആ പ്രത്യേകത ചൂണ്ടിക്കാണിച്ചുകൊണ്ട് മാർക്കറ്റ് ചെയ്യാമെന്നുള്ള തീരുമാനം ഫലംകണ്ടു. എറണാകുളം,തൃശൂർ– ചാലക്കുടി ഭാഗത്തുനിന്ന് ധാരാളം പേർ എത്തിച്ചേരുകയും നെടുമ്പാശ്ശേരിയിലെ റിസോർട്ടിനൊരു ഉണർവ്വ് വരികയും ചെയ്തു.











### രൂപകല്പനയിലും സാജ് ഗ്രൂപ്പിന് തനതായ ഐഡന്റിറ്റി ഉണ്ടല്ലോ?

ഇന്റീരിയർ ഡിസൈനറായിരുന്നതുകൊണ്ടു തന്നെ കൺസ്ട്രക്ഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ അച്ചായന്റെ (സാജൻ വർഗീസ്) ഡിപ്പാർട്മെന്റാണ്. റിസോർട്ട് ബിസിനസ് പൊതുവെ പുരുഷന്മാരുടെ കുത്തക ആയതുകൊണ്ട് സ്ത്രീകളുടെ പല ആവശ്യങ്ങളും പരിഗണിക്കാത്തതായി മുൻപ് സന്ദർശിച്ച പലയിടങ്ങളിൽ നിന്നും അനുഭവപ്പെട്ടിട്ടുണ്ട്. അതിന് മാറ്റം വരാനുള്ള നിർദ്ദേശങ്ങൾ ഞാൻ മുന്നോട്ടുവയ്ക്കുകയും അത് അദ്ദേഹം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന്, സ്വിമ്മിങ് പൂൾ ഉപയോഗിക്കാൻ ഞങ്ങളുടെ തലമുറയിൽപ്പെട്ട മലയാളി സ്ത്രീകൾക്കൊരു വിമുഖതയുണ്ട്.

കേരളത്തിലെ തന്നെ ഏറ്റവും വലിയ പൂളാണ് സാജ് എർത്തിലേത്. ഏത് തലമുറയ്ക്കും ആസ്വദിക്കാവുന്ന തരത്തിൽ സ്വകാര്യതയെ മാനിച്ചുകൊണ്ടാണ് അതിന്റെ രൂപകൽപന. കുളക്കടവിലേക്ക് ഇറങ്ങുന്ന മാതൃകയിൽ മുറിയിൽ നിന്നുതന്നെ പടിയിറങ്ങി പൂളിലെത്താം എന്നത് എല്ലാവർക്കും സൗകര്യപ്രദമാണ്.

### സമീപകാലത്ത് ചർച്ചയായ തൊഴിലിടങ്ങളിലെ സ്ത്രീ–സുരക്ഷയുമായി ബന്ധപ്പെട്ട് ഒന്നരപ്പതിറ്റാണ്ട് മുൻപ് ധീരമായ നിലപാട് എടുത്ത സംരംഭക എന്ന നിലയിൽ എന്ത് തോന്നുന്നു?

ഞങ്ങളുടെ റിസോർട്ടിലാണ് സ്ത്രീകൾ ആദ്യമായി നൈറ്റ് ഷിഫ്റ്റിന് ജോലി ചെയ്തുതുടങ്ങിയ





ത്. സ്ത്രീകളെ ഹൗസ് കീപ്പിംഗിനും റിസെപ്ഷനും രാത്രി നിർത്തുന്നത് റിസ്ക്കാണെന്ന് ചിന്തിച്ചിരുന്ന 2009 –10 കാലത്ത് അത് ധീരമായ തീരുമാനം തന്നെയായിരുന്നു. സ്ത്രീയായ ഞാൻ നേതൃത്വം നൽകുന്ന സ്ഥാപനത്തിൽ വനിതാജീവനക്കാർക്ക് സുരക്ഷ ഉറപ്പാക്കാൻ സാധിച്ചില്ലെങ്കിൽ അതെന്റെ വീഴ്ച ആയിരിക്കുമെന്ന് വിശ്വസിച്ചുകൊണ്ടാണ് മുന്നോട്ടു പോയത്. വനിതാ സെക്യൂരിറ്റി സ്റ്റാഫിനെയും ഏർപ്പെടുത്തി. നൈറ്റ് ഷിഫ്റ്റ് ജോലി ചെയ്യുന്നതുകൊണ്ട് വീട്ടിലെ മറ്റുജോലികൾ പകൽ ചെയ്യാനാകുന്നുണ്ടെന്നും ഇതാണ് കൂടുതൽ സൗകര്യമെന്നും ജീവനക്കാർ നേരിട്ട് പറഞ്ഞത് മനസ്സ് നിറച്ച അനുഭവങ്ങളിലൊന്നാണ്. രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ സ്ത്രീ ജീവനക്കാർക്ക് സുരക്ഷിതമായി തൊഴിൽ ചെയ്യാൻ സാധിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്. ഒറ്റയ്ക്ക് യാത്ര ചെയ്യുന്ന സ്ത്രീകൾ അവർ തങ്ങുന്ന സ്ഥലങ്ങളിൽ അപകടം ഉണ്ടാകുമോ എന്ന് ആശങ്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ട ശേഷമാണ് ഞങ്ങളുടെ റിസോർട്ടിൽ അത്തരക്കാർ സേഫ് ആയിരിക്കുമെന്ന ഉറപ്പ് വാഗ്ദാനം ചെയ്യുകയും അത് അക്ഷരംപ്രതി പാലിക്കുകയും ചെയ്തത്. അവരെ പിക്ക് ചെയ്യാൻ പോകുന്ന വണ്ടിയിൽ ഒരു ലേഡി സ്റ്റാഫ് ഉണ്ടായിരിക്കും.ഹൗസ് കീപ്പിങ്ങിനും സ്ത്രീകൾ തന്നെയായിരിക്കും.



അവർ താമസിക്കുന്ന മുറിക്ക് അടുത്ത ബാച്ചിലേഴ്സിനെ താമസിപ്പിക്കാതിരിക്കാനും ശ്രദ്ധിക്കും.ഒരു ടിപ്പിക്കൽ ഇന്ത്യൻ സ്ത്രീയുടെ ആകുലതകളും ആവശ്യങ്ങളും പരിഗണിച്ചുകൊണ്ടുള്ള സേവനങ്ങൾ നല്കുന്നതുകൊണ്ടുതന്നെ ഒരിക്കൽ വരുന്നവർ പിന്നീട് മറ്റൊരിടം തേടിപ്പോകില്ല. എന്തുവന്നാലും ഒപ്പമുണ്ടായിരിക്കും എന്ന വിശ്വാസം കസ്റ്റമേഴ്സിന് ഞങ്ങളുടെമേലുണ്ട്.










## സാജ് ഗ്രൂപ്പിന്റെ സ്ഥാപന ങ്ങൾ?

തിരുവനന്തപുരത്ത് സിറ്റി സെന്ററിൽ പ്രവർത്തിക്കുന്ന കോർപ്പറേറ്റ് അതിഥികൾക്കായുള്ള ബിസിനസ് ഹോട്ടലാണ് സാജ് ലൂസിയ. കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളത്തിന് സമീപമുള്ള 5-സ്റ്റാർ ലക്ഷ്വറി ഡെസ്റ്റിനേഷനാണ് സാജ് എർത് റിസോർട്ട്. 'മിനി സ്വിറ്റ്സർലാന്റ്' എന്നറിയപ്പെടുന്ന വാഗമണിൽ സ്ഥിതി ചെയ്യുന്ന സാജ് വാഗമൺ ഹൈഡ് ഔട്ട് മോഡേൺ ലക്ഷ്വറി ആഗ്രഹിക്കാത്തവർക്ക് വേണ്ടിയുള്ളതാണ്.



## സാജ് വാഗമൺ ഹൈഡ് ഔട്ടിന്റെ സവിശേഷതകൾ?

20 ഏക്കർ തേയിലത്തോട്ടത്തിന് ഇടയ്ക്കൂടെയുള്ള പുഴ നിലനിർത്തിയിട്ടുണ്ട്. 16 മുറികൾ മാത്രമേ റിസോർട്ടിലുള്ളു. ഇരുവശത്തും രണ്ടുകുന്നുകളാണ്. ഒരുമല കയറിയാൽ സൂര്യോദയവും മറ്റേത് കയറിയാൽ സൂര്യാസ്തമയവും കാണാം. രണ്ടും ഒന്നിനൊന്ന് മെച്ചമായ ദൃശ്യാനുഭവങ്ങളാണ്. കിളികളുടെ കളകളനാദത്തിനും ചീവീട് ചിലയ്ക്കുന്നതിനും കാതോർക്കുമ്പോൾ മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടവും കൂട്ടായെത്തും. പാറയുടെ അടിയിൽ നിന്നുള്ള നീരുറവയിൽ നിന്ന് തെളിനീരുപോലത്തെ വെള്ളം കുടിക്കാം. ഞങ്ങളുടെ തന്നെ പച്ചക്കറിത്തോട്ടവുമുണ്ട്. കഴിവതും അവിടെനിന്ന് വിളവെടുക്കുന്നവയാണ് തീന്മേശയിൽ വിളമ്പുക. പുഴവക്കിലിരുന്ന് ചൂണ്ടയിടുന്നതും മീൻ പിടിക്കുന്നതും കോഴിയുടെയും മുയലിന്റെയും കൂടെ കളിക്കുന്നതുമൊക്കെ നല്ല രസമാണ്. ഹൈ പ്രൊഫൈൽ ആളുകളെ ഉദ്ദേശിച്ചാണ് ഈ റിസോർട്ടിന്റെ രൂപകൽപന. മോഡേൺ ലക്ഷ്വറി ഇല്ലാത്തതുകൊണ്ട് മിഡിൽ ക്ലാസിനോ അതിൽ താഴെയോ ഉള്ളവർക്ക് അത്





ആസ്വദിക്കാൻ സാധിക്കണമെന്നില്ല. ചിലവഴിക്കുന്ന പണത്തിന് തക്കമായ ആഡംബരമാണ് ആ വിഭാഗം പ്രതീക്ഷിക്കുന്നത്. എന്നാൽ, സ്ഥിരം ലക്ഷ്വറി അനുഭവിക്കുന്നവർക്ക് അതിൽ നിന്നൊരു മാറ്റം വേറിട്ട സുഖം പകരും.

വാഗമണിലെ റിസോർട്ടിൽ പഴയകാല ഗ്രാമാന്തരീക്ഷം പുനഃസൃഷ്ടിച്ചിരിക്കുകയാണ്. എസി,ടിവി,ഫ്രിഡ്ജ് പോലെ ആധുനികതയുടെ യാതൊന്നും അവിടെയില്ല. കോളിംഗ് ബെല്ലിന്റെ സ്ഥാനത്ത് വലിയൊരു മണി കെട്ടിൽതൂക്കിയിട്ടുണ്ട്. കുളിമുറിയിൽ പ്ലാസ്റ്റിക് ബക്കറ്റിനുപകരം വലിയൊരു ചെമ്പുപാത്രവും ഓടിന്റെ മഗ്ഗുമാണ് വച്ചിട്ടുള്ളത്. അത്യാധുനിക ലക്ഷ്വറി ആഗ്രഹിക്കുന്നവരെ നെടുമ്പാശ്ശേരിയിലെ റിസോർട്ടും പഴയകാല നാട്ടിൻപുറത്തിന്റെ ആംബിയൻസ് ആസ്വദിക്കുന്നവരെ വാഗമൺ ഹൈഡ്ഔട്ടും ഒരുപോലെ തൃപ്തിപ്പെടുത്തും.




## എന്താണ് വിജയരഹസ്യം? സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്ക് നൽകാനുള്ള ഉപദേശം?

പ്രാരംഭ ബാങ്കിങ് അനുഭവം സാമ്പത്തിക മാനേജ്മെന്റിൽ ശക്തമായ അടിത്തറ നൽകിയിട്ടുണ്ട്. സ്വയംപഠനവും, ഭർത്താവുമായി നടത്തുന്ന സ്ഥിരമായ ചർച്ചകളുമാണ് ഇന്നുകാണുന്ന മിനി സാജനെ വാർത്തെടുത്തത്. ബോസ് മാത്രമല്ല, ഒരു മികച്ച മെന്ററുമാണ് സാജൻ വർഗീസ്. ടൂറിസം മേഖലയിലെ ട്രെൻഡുകൾ ഒരു വിദ്യാർത്ഥിയുടെ മനോഭാവത്തോടെ വീക്ഷിക്കുകയും കസ്റ്റമേഴ്സിനെ ഫീഡ്ബാക്കുകൾക്ക് വിലമതിക്കുകയും ചെയ്യുന്നതാണ് ഞങ്ങളുടെ വിജയരഹസ്യം. തിരിച്ചടികളെ മറികടക്കാനും പുതിയ ലക്ഷ്യങ്ങൾ നേടിയെടുക്കാനും ഒന്നിച്ചു നിൽക്കുന്ന ടീമാണ് സാജിന്റെ ശക്തി.

അവനവന്റെ കഴിവുകൾക്കും അഭിരുചികൾക്കും അനുയോജ്യമായ ബിസിനസ് മേഖല തിരഞ്ഞെടു







ക്കുക എന്നതാണ് പ്രധാനം. ആരെയും അനുകരിക്കാതെ തനതായ ഒരു നിബന്ധന കണ്ടെത്തി മുന്നേറുന്നവർ വിജയിക്കും. ബിസിനസ് രംഗം സ്ഥിരമായി മാറിക്കൊണ്ടിരിക്കുന്നതുകൊണ്ട്,കൂടുതൽ പഠിക്കുവാനും പുതുമകൾ കൊണ്ടുവരാനും സജ്ജരായിരിക്കണം.

## അംഗീകാരങ്ങൾ?

ഫ്ലോർസ് ഫൗണ്ടേഷന്റെ വിമൻ എക്സലൻസ് അവാർഡ്(2018),ഇന്ത്യാസ് ട്രാവൽ ആൻഡ് ഹോസ്പിറ്റാലിറ്റി അവാർഡ്(2018),വനിതാ രത്ന അവാർഡ്(2018),ബിസിനസ് ബ്ലിസ് അവാർഡ്(2018)ഫോർ ഇന്നവേറ്റീവ് ബിസിനസ് ഐഡിയാസ് ഇൻ റിസോർട്ട് മാനേജ്മെന്റ്(2018),വിപിൻ ഐബിഇ ഇന്റർനാഷനലിന്റെ പ്രൊഫഷണൽ എക്സലൻസി അവാർഡ് ഇൻ ഹോസ്പിറ്റാലിറ്റി , ഫോമായുടെ വനിതാ സംരംഭകയ്ക്കുള്ള പുരസ്കാരം(2019),മണപ്പുറം യൂണിക് ടൈംസ് ബിസിനസ് എക്സലൻസ് അവാർഡ് (2024) എന്നിങ്ങനെയുള്ള പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.




## റിട്ടയർമെന്റ് സ്വപ്നങ്ങൾ?

പെൻഷൻ ആകുന്നതോടെ പ്രായമായി എന്നും ഇനി വിശ്രമിക്കാമെന്നും കരുതുന്ന ഒരുപാട് സർക്കാർ ഉദ്യോഗസ്ഥരെ പരിചയമുണ്ട്. അവരുടെ അതേ പ്രായമുള്ള സ്വകാര്യ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ അപ്പോഴും ജോലി തുടരാറുണ്ട്. ഇനി ഒന്നും ചെയ്യാനില്ല എന്ന ചിന്ത മനസ്സിനെ കീഴ്പ്പെടുത്തുന്നതോടെ  ആരോഗ്യം മോശമാകുമെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. കഴിവുള്ള കാലത്തോളം എന്തെങ്കിലും ജോലി ചെയ്തുകൊണ്ടിരിക്കുന്നത് നമ്മെ ഊർജ്ജസ്വലരാക്കും. അതുകൊണ്ട് ഒരിക്കലും റിട്ടയർ ചെയ്യാതെ ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടേ ഇരിക്കാൻ സാധിക്കട്ടെ എന്നാണ് ആഗ്രഹിക്കുന്നത്.

*Best Compliments To*

MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
*Awards*

# IPCNA
## New York Chapter



**SHOLY KUMPILUVELY (President), JOJO KOTTARAKKARA (Secretary)
BINU THOMAS (Treasurer), MOIDEEN PUTHENCHIRA (Vice President)
JACOB MANUEL (Joint Secretary)**

# പ്രസ് ക്ലബിനൊപ്പം

# സ്വപ്ന ചിറകിലേറി



**ആഷാ മാത്യു**
**ജോയിൻറ് സെക്രട്ടറി**
**ഇൻഡ്യാ പ്രസ്ക്ലബ് ഓഫ്**
**നോർത്ത് അമേരിക്ക**

എന്റ ചെറുപ്പത്തിൽ ജേർണലിസം മനസ്സിലെ ഒരു തീയായിരുന്നു. പിന്നെ ഫാഷൻ ഡിസൈനിലേക്കു പോകാനായി ശ്രമം. എന്നാൽ ജീവിതം ഇതൊന്നുമല്ല എന്ന യാഥാർത്ഥ്യം മാതാപിതാക്കൾ അന്ന് ഉപദേശിച്ചു തരുമ്പോൾ ഉൾക്കൊള്ളാൻ ബുദ്ധിമുട്ടായിരുന്നെങ്കിലും എന്നെക്കാൾ ജീവിതപരിചയം ഉണ്ടായിരുന്ന മാതാപിതാക്കളുടെ നല്ല ഉപദേശം ചെവിക്കൊള്ളാൻ തീരുമാനിച്ചു. അതായിരുന്നു കമ്പ്യൂട്ടർ സയൻസിലേക്കു തിരിയാൻ കാരണമായത്. പഠനവും ഉപരിപഠനവും പിന്നെ ജോലിയും.

വിവാഹശേഷം അമേരിക്കയിൽ എത്തി ജീവിതം ആരംഭിക്കുമ്പോ ആണ് ജീവിതത്തിൽ പുതിയ സമസ്യകൾ എന്റെ മുന്നിൽ തുറന്നത് . കൂട്ടുകാർ കുടുംബമാകുന്നു സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകാൻ അവസരങ്ങൾ ധാരാളം അങ്ങനെ പല സ്വപ്നനങ്ങൾക്കും സാക്ഷാത്കാരമായി. പിന്നീട് ജീവിതത്തിന്റെ ഭാഗമായുള്ള യാത്രകൾ പുതിയ മുഖങ്ങൾ പതിയ കൂട്ടുകെട്ടുകൾ കുഞ്ഞുങ്ങൾ തീർത്താൽ തീരാത്ത ജോലി .

2020 ൽ ഏഷ്യാനെറ്റിലെ അമേരിക്കൻ കാഴ്ചകൾ അവതരിപ്പിക്കാൻ അവസരം ലഭിച്ചു . ഒരുപാട് പഠിച്ചു ഒരുപാടു തയ്യാറെടുപ്പുകൾ നടത്തി. അവിടെയും ധാരാളം പുതിയ മുഖങ്ങളെ കണ്ടുമുട്ടി. വിവിധ തലങ്ങളിൽ പ്രാവീണ്യം സിദ്ധിച്ചവരുമായുള്ള അടുപ്പം നൽകിയ അറിവുകൾ മാധ്യമ ലോകത്ത് ചുവടുവയ്ക്കാനും മിനിസ്ക്രീനിലൂടെ ലോകം അറിയാനും ലോകത്തെ അറിയാനും ധാരാളം അവസരങ്ങൾ. ഒരുനല്ല അവതാരകയാകാനും ഒപ്പം ഒരു നല്ല വ്യക്തിയാകാനുമുള്ള എല്ലാ അവസരങ്ങളും ഉപയോഗിച്ചു എന്നാണ് എന്റെ വിശ്വാസം. അങ്ങനെ അമേരിക്കയെ പ്രേക്ഷകരുടെ കണ്ണിലൂടെ കാണാൻ പഠിച്ചു എല്ലാ ആഴ്ചയിലും ഓരോ കാഴ്ചകൾ.

ഏഷ്യാനെറ്റ് ലൂടെ ഇൻഡ്യാ പ്രസ് ക്ലബിന്റ ഭാഗമായി . ഈ വർഷം എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഭാഗമാകൻ ഭാഗ്യം ലഭിച്ചു. അങ്ങനെ ചെറുപ്പത്തിൽ സ്വപ്നമായികൊണ്ടു നടന്ന മാധ്യമ പ്രവർത്തകയുടെ കുപ്പായ മണിയാൻ സഹായിച്ച പരിണതപ്രജ്ഞരായ വ്യക്തികളാണ് ഒപ്പം പ്രവർത്തിക്കാൻ എനിക്ക് ഇൻഡ്യാ പ്രസ് ക്ലബിൽ ലഭിച്ചത് എന്നത് എന്റെ ഭാഗ്യമായികരുതാനാണ് എനിക്കിഷ്ടം.

ജീവിതം സ്വപ്നം കാണാനും സ്വപ്നസാക്ഷാത്കാരത്തിനായുള്ള പരിശ്രമങ്ങളും നിറഞ്ഞതാണ് എന്നതിനൊപ്പം വിവേചന ബുദ്ധിയോടെ അവസരങ്ങളെ ഉപയോഗിക്കുക എന്ന തിരിച്ചറിവും ഈ പ്രവർത്തനങ്ങളിൽ നിന്ന് എനിക്കു സ്വായത്തമായി എന്നത് നന്ദിപൂർവം സ്മരിക്കുന്നു.

ഇൻഡ്യാ പ്രസ് ക്ലബിന്റെ അഭിമാനമായ മാധ്യമശ്രീ അവാർഡുകൾ വിതരണം ചെയ്യുന്ന ഈ വേളയിൽ അവാർഡുകൾ നേടുന്ന എല്ലാവർക്കും ആശംസകൾ അർപ്പിക്കുകയും ഇൻഡ്യാ പ്രസ്ക്ലബിന്റെ ഭാവിയിലെയും ഇത്തരം മഹത്തായ പ്രവർത്തനങ്ങൾക്ക് ഹൃദയംഗമമായ പിൻതുണ അർപ്പിക്കുകയും ചെയ്യുന്നു.

# Award Winners
































India Press Club of North America
MEDIA EXCELLENCE AWARD 2025
Presented To
THIRUVANANTHAPURAM PRESS CLUB
BEST PRESS CLUB OF THE YEAR



India Press Club of North America
THE CUE
MEDIA EXCELLENCE AWARD 2025
Presented To
THE CUE
BEST ONLINE NEWS PORTAL
MANISH NARAYANAN, CHIEF EDITOR


India Press Club of North America
MEDIA EXCELLENCE AWARD 2025
Presented To
R.J. FAZLU
BEST RADIO JOURNALIST | JOCKEY
ARN NEWS | HIT FM | DUBAI


India Press Club of North America
MEDIA EXCELLENCE AWARD 2025
Presented To
AMRITHA A.U
SENIOR CONTENT WRITER
MATHRUBHUMI ONLINE NEWS


India Press Club of North America
MEDIA EXCELLENCE AWARD 2025
Presented To
GOKUL VENUGOPAL
BEST YOUNG & UPCOMING JOURNALIST (MALE)
JANAM TV


India Press Club of North America
MEDIA EXCELLENCE AWARD 2025
Presented To
N.R. SUDHARMADAS
BEST PHOTOGRAPHER | PRINT
KERALA KAUMUDI


India Press Club of North America
MEDIA EXCELLENCE AWARD 2025
Presented To
SCHILLER STEPHEN
BEST NEWS REPORTER | PRINT
MANORAMA NEWS


India Press Club of North America
MEDIA EXCELLENCE AWARD 2025
Presented To
ZERGO VIJAYARAJ
BEST ENTERTAINMENT PROGRAM & PRODUCER
'STAR SINGER' | ASIANET


India Press Club of North America
MEDIA EXCELLENCE AWARD 2025
Presented To
AJI PUSHKAR
BEST TECHNICAL CREATIVE PERSON IN NEWS CHANNEL
REPORTER TV


India Press Club of North America
MEDIA EXCELLENCE AWARD 2025
Presented To
LIBIN BAHULAYAN
BEST NEWS VIDEO EDITOR
ASIANET NEWS


India Press Club of North America
MEDIA EXCELLENCE AWARD 2025
Presented To
SINDHUKUMAR
BEST NEWS CAMERAMAN
MANORAMA NEWS CHANNEL


India Press Club of North America
MEDIA EXCELLENCE AWARD 2025
Presented To
TOM KURIAKOSE
BEST INVESTIGATIVE JOURNALIST
NEWS 18 | KERALAM


India Press Club of North America
MEDIA EXCELLENCE AWARD 2025
Presented To
APARNA U.
NEWS PRODUCER
REPORTER TV


India Press Club of North America
MEDIA EXCELLENCE AWARD 2025
Presented To
MATHU SAJI
BEST NEWS ANCHOR - FEMALE
MATHRUBHUMI NEWS TV


India Press Club of North America
MEDIA EXCELLENCE AWARD 2025
Presented To
RENJITH RAMACHANDRAN
BEST NEWS ANCHOR - MALE
NEWS 18 | KERALAM


India Press Club of North America
MEDIA EXCELLENCE AWARD 2025
Presented To
K.G. KAMLESH
BEST TELEVISION NEWS REPORTER
ASIANET NEWS

# India Press Club OF NORTH AMERICA (IPCNA)

## Houston Chapter

## IPCNA HOUSTON CHAPTER OFFICIALS


SIMON VALACHERIL
President


MOTTI MATHEW
Secretary


AJU VARIKADU
Treasurer



JEEMON RANNI
Vice President



SAJI PULLAD
Joint Secretary



RAJESH VARGHESE
Joint Treasurer

## COMMITTEE MEMBERS


ANIL ARANMULA



JOY THUMPAMON


SANKARANKUTTY PILLAI


GEORGE THEKKEMALA


JOHN W. VARGHESE


GEORGE PAUL


JIJU KULANGARA


JOICE THONNIAMALA


FINNY RAJU


VIJU VARGHESE


SUBIN BALAKRISHNAN


DR. RAINA ROCK

# അഭിനിവേശവും ആവേശക്കുതിപ്പും

**1974** – കാലഘട്ടത്തിൽ അമേരിക്കയിൽ എത്തി അവിടെ ആദ്യത്തെ മലയാള പത്രം തുടങ്ങിയ ന്യൂജേഴ്സിക്കാരനായ ഡോക്ടർ. ജോർജ് മരങ്ങോലിയെ കഴിഞ്ഞ ദിവസം എനിക്ക് പരിചയപ്പെടാൻ കഴിഞ്ഞു. വാർത്തകളോടും, പത്രമാധ്യമ മേഖലയോടുമുള്ള അടങ്ങാത്ത അഭിനിവേശം കാരണം അദ്ദേഹം പത്രപ്രവർത്തകനായ കഥ തീർച്ചയായും പുതിയ തലമുറയ്ക്ക് ഒരു പാഠപുസ്തകവും ഒപ്പം പ്രചോദനവും ആണ്.

മറ്റൊരു പ്രതിഭാസമാണ് ബിജു കിഴക്കേക്കുറ്റ്. അദ്ദേഹമാണ് അമേരിക്കയിലെ ആദ്യത്തെ മാഗസിന്റെ സൃഷ്ടാവ്. പൊതുവായി പറഞ്ഞാൽ ഇവരെല്ലാം തന്നെ തങ്ങളുടെതായ ജീവിതം കരുപ്പിടിപ്പിക്കാനും, മെച്ചപ്പെടുത്തുവാനുമായി അമേരിക്കയിൽ എത്തിയ പ്രവാസികളാണ് എന്നുള്ളതാണ്. എന്നാൽ എല്ലാ കഷ്ടപ്പാടുകൾക്കിടയിലും, ജോലി തിരകൾക്കിടയിലും ഇവരെ ഇതിനൊക്കെ പ്രേരിപ്പിച്ചത് സ്വന്തം നാടിനോടുള്ള ആത്മാർത്ഥതയും, സംസ്കൃതിയും, പാരമ്പര്യവുമാണ്. ഇവയൊക്കെ നിലനിർത്തുവാൻ, പരിപോഷിപ്പിക്കുവാൻ പത്രമാധ്യമ മേഖലയിലുള്ള സഹജമായ വാസന ഇത്തരം പ്രസിദ്ധീകരണങ്ങൾ ആരംഭിക്കാൻ കാരണമായി മാറി.

അമേരിക്കൻ പ്രസിഡണ്ട് ആയിരുന്ന റൊണാൾഡോ റീഗന്റെയും, ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെയും പരിപാടികളിൽ ഔദ്യോഗികമായി പങ്കെടുക്കാൻ കഴിഞ്ഞതും മാധ്യമ സപര്യയിലെ മറ്റൊരു പൊൻതൂവലാണ്. അവർ ഇവിടം വരെ എത്തിയത് ആരും അറിയാത്ത നിരന്തര സാധനകളുടെ പിൻബലത്താലാണ്. കാലത്തിന്റെ മാറ്റത്തിൽ ഇന്ന് വേഗത്തിലാണ് വാർത്തകൾ നമ്മളെ തേടിയെത്തുന്നത്.

2003 – ൽ അമേരിക്കയിലേക്ക് ഏഷ്യാനെറ്റ് എത്തുമ്പോൾ അതിൻറെ പിറകിലെ അധ്വാനം എത്രമാത്രം വലുതായിരുന്നു, പക്ഷേ ഇന്ന് അതിൻറെ നൂറിലൊരംശം മാത്രം മതിയാകും പുതിയൊരു ചാനലിന്റെ തുടക്കം കുറിക്കാൻ. സാങ്കേതിക മികവിനാൽ പുതിയ തലമുറ മാധ്യമങ്ങൾ നടത്തുന്ന പ്രകടനങ്ങൾ ലോകശ്രദ്ധ ആകർഷിക്കുന്നു. ഇന്ത്യൻ ജനസംഖ്യയുടെ 6% മാത്രമുള്ള കേരളത്തിൽ നിന്നാണ് ഏറ്റവും കൂടുതൽ വായനക്കാരുള്ള പ്രാദേശിക പത്രവും, മാഗസിനും ഇറങ്ങുന്നത് എന്ന് അഭിമാനത്തോടെ പറയുന്നതിൽ വർഷങ്ങളുടെ പഴക്കമുണ്ട്. ഇന്ന് ഏറ്റവുമധികം ന്യൂസ് ചാനലുകളും, ഓൺലൈൻ ചാനലുകളും ഉള്ള ഭാഷയും ഈ കൊച്ചു മലയാളമാണെന്നതും ഏറെ അഭിമാനകരമാണ്.



**പ്രതാപ് ജയലക്ഷ്മി**
(മുതിർന്ന മാധ്യമ പ്രവർത്തകൻ, ഇന്ത്യാ പ്രസ്സ് ക്ലബ്ബിന്റെ റീജിയണൽ കോർഡിനേറ്റർ, ഏഷ്യാനെറ്റ് മുൻ പ്രോഗ്രാം മേധാവി)

ഇത്തവണ സുനിൽ ട്രൈസ്റ്റാറിന്റെയും, ഷിജോ പൗലോസിന്റെ നേതൃത്വത്തിലുള്ള പ്രസ്സ് ക്ലബ്ബിന്റെ നേതൃത്വം അവാർഡിനായി ക്യാമറ, എഡിറ്റിംഗ്, ഗ്രാഫിക്സ് എന്നീ ടെക്നിക്കൽ വിഭാഗങ്ങളെക്കൂടി പരിഗണിക്കുന്നുണ്ടെന്ന വാർത്ത എന്നിൽ ഏറെ സന്തോഷം പകരുന്നു. അതോടൊപ്പം പത്രത്തിൻറെ ഹെഡ്ഡിങ്ങും, തലക്കെട്ടും, ഫോട്ടോഗ്രാഫിയും ഒക്കെ തന്നെ അവാർഡ് നേടുന്നു. അതേപോലെ ഓൺലൈൻ ചാനലുകളെയും അവാർഡിന് തിരഞ്ഞെടുക്കുന്നു എന്നുള്ളതും ഏറെ അഭിമാനകരമായ ഒന്നാണ്. കഴിഞ്ഞ തവണ സുനിൽ തൈമറ്റം റേഡിയോ ജേണലിസ്റ്റുകളെയും, മുതിർന്ന പത്രപ്രവർത്തകരെയും സ്വർണപതക്കം നൽകി ആദരിച്ചതും ഇത്തരുണത്തിൽ സ്മരിക്കുന്നു. കാലം മാറിക്കൊണ്ടിരിക്കുന്നു. അനുസൃതമായി പത്രപ്രവർത്തന രീതികളും. ഇതൊക്കെ ഇനിയുള്ള കാലത്തെ അവാർഡുകളിൽ പ്രതിഫലിക്കും എന്നും ഞാൻ വിശ്വസിക്കുന്നു.

രണ്ടു പതിറ്റാണ്ടായി ഇന്ത്യ പ്രസ് ക്ലബ് ഈ മേഖലയിൽ നടത്തുന്ന സേവനങ്ങൾ ശ്ലാ ഘനീയമാണ് ഏറെ അഭിമാനകരവും.

ഈ ദൗത്യങ്ങൾ തുടരട്ടെ .. വിജയാശംസകൾ

Best Compliments To

MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards

# IPCNA
## Philadelphia Chapter



ARUN KOVATTU (President), ROJISH SAMUEL (Vice President)
SUMOD NELLIKKALA (Secretary), GEORGE OALICKAL (Joint Secretary)
VINCENT EMMANUEL (Treasurer), SIJIN THIRUVALLA (Joint Treasurer)

ഇന്ത്യ പ്രസ് ക്ലബിന്റെ നാൾവഴി

# മാധ്യമ ശ്രീ അവാർഡിന്റെ പ്രസക്തി

മുംബെ പ്രസ് ക്ലബിൽ അംഗമായിരിക്കുമ്പോൾ മഹാരാഷ്ട്രക്കാരനായ ഒരു സുഹൃത്ത് കേരളത്തിലെ പ്രസ് ക്ലബുകളെപ്പറ്റി ചോദിച്ചു. കേരളത്തിലെ പ്രസ് ക്ലബുകൾ സജീവമാണെന്നു പറഞ്ഞപ്പോൾ സുഹൃത്തിനു അതിശയം. പത്രക്കാരെല്ലാം അത്രയ്ക്കു കുടിയന്മാരാണോ എന്നായിരുന്നു അടുത്ത ചോദ്യം! കേരളത്തിലെ പ്രസ് ക്ലബുകളിൽ ബാറേയില്ല എന്നു പറഞ്ഞപ്പോൾ എങ്കിൽ പിന്നെ പ്രസ് ക്ലബ് എന്തിനാണ് എന്ന എതിർ ചോദ്യം.



ജോർജ് ജോസഫ്

മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മയാണ് ലക്ഷ്യമെങ്കിലും കുറഞ്ഞ വിലയിൽ മദ്യം ലഭിക്കുന്ന ബാർ നടത്തുന്ന സ്ഥലം എന്നതാണ് പ്രസ് ക്ലബിനെപറ്റിപൊതുവെയുള്ള വിവക്ഷ. കേരളത്തിൽ പക്ഷെ കേരള യൂണിയൻ ഓഫ് വർക്കിംഗ് ജേർണലിസ്റ്റ് (കെ.യു.ഡബ്ല്യു.ജെ) ജില്ലാ കമ്മിറ്റിയാണ് ജില്ലാതല പ്രസ് ക്ലബുകൾ. തിരുവനന്തപുരം പ്രസ് ക്ലബ് ഈ നിർവചനത്തിൽ വരുന്നില്ല.

പത്രക്കാരെ മടിയന്മാരാക്കുന്ന സ്ഥലം എന്നു പ്രസ് ക്ലബുകളെ ആക്ഷേപിക്കാറുണ്ട്. അവിടെ കൂടിയിരുന്ന് നടത്തുന്ന പരദൂഷണം ആണ് പലപ്പോഴും രാഷ്ട്രീയ വാർത്തകളായും മറ്റും പത്രത്താളുകളിൽ നിറയുക. ഇന്ത്യയിൽ കേസും മറ്റും പേടിക്കാനില്ലാത്തതിനാൽ എന്തും എഴുതാമെന്നതാണല്ലോ സ്ഥിതി.

കീരിയും പാമ്പും പോലെയുള്ള മാധ്യമങ്ങളിലെ ജീവനക്കാരാണ് പ്രസ് ക്ലബിൽ വരുമ്പോൾ ഒന്നാകുന്നത്. കുറഞ്ഞപക്ഷം തങ്ങളെല്ലാം പേനയുന്തുന്ന തൊഴിലാളികളാണെന്ന ധാരണയിൽ നിന്നുള്ള ഐക്യം.

കോട്ടയം പ്രസ് ക്ലബ് പ്രസിഡന്റായിരിക്കെ മദ്രാസിലേക്ക് ജോലി മാറിയതോടെ യൂണിയൻ പ്രവർത്തനം അവസാനിപ്പിക്കേണ്ടി വന്ന ലേഖകൻ അമേരിക്കയിലെത്തിയപ്പോൾ തന്നെ ഒരു പ്രസ് ക്ലബിനെപ്പറ്റി ആലോചിച്ചതാണ്. ജോർജ് തുമ്പയിൽ, തോമസ് മുളയ്ക്കൽ, ജോയി ലൂക്കോസ് തുടങ്ങിയവരുമായൊക്കെ ചർച്ച നടത്തുകയും ചെയ്തതാണ്. പക്ഷെ കൂടുതൽ പേരെ അന്ന് (90 കളുടെ മധ്യം) ക്ലബിൽ ചേർക്കാനായി കണ്ടെത്താനായില്ല.

പക്ഷെ 2000-ത്തോടെ സ്ഥിതി മാറി. ഇന്റർനെറ്റ് മാധ്യമങ്ങൾ സജീവമായി. മലയാളം ടിവി സംപ്രേഷണം ആരംഭിച്ചു. ഇത്രയും കാലം വേദിയൊന്നും ലഭിക്കാതിരുന്നതിനാൽ എഴുതാതിരുന്നവർ ഇന്റർനെറ്റിൽ സജീവമായി. ടിവി ചാനലുകളുമായി ബന്ധപ്പെട്ട് ഓരോ നഗരത്തിലും ഒട്ടേറെ പേർ രംഗത്തു വന്നു.

അവരൊക്കെ പത്രപ്രവർത്തകരാണോ? അവരാണ് ശരിക്കുമുള്ള പത്രപ്രവർത്തകർ എന്ന് മറുപടി. മുഖ്യധാരാ പത്രപ്രവർത്തകർക്ക് അത് ഒരു ജോലിയാണ്. ശമ്പളം കിട്ടുന്ന ജോലി. അമേരിക്കയിൽ ടിവിയും ഇന്റർനെറ്റുമായി മല്ലടിക്കുന്നവർ സ്വന്തം സമയം കളഞ്ഞ് കയ്യിലെ കാശും ചെലവാക്കി ഈ രംഗത്ത് പ്രവർത്തിക്കുന്നവരാണ്. മാധ്യമങ്ങളോടുള്ള സ്നേഹം ആണ് അവരെ ഇത്ത

Best Compliments To

MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards

# IPCNA
## Florida Chapter



BINU CHILAMPATH (Secretary), JESSY PARATHUNDIL (President)
ABY ANAND (Treasurer), BIJU GOVINDANKUTTY (Vice President)
SABU MATHAI (Joint Secretary)

രം അർപ്പണ ബോധത്തിലേക്ക് നയിക്കുന്നത്. പലർക്കും നന്നായി എഴുതുവാൻ അറിയില്ലായിരിക്കാം. വ്യാകരണ തെറ്റോ, അക്ഷര തെറ്റോ എഴുത്തിൽ ഉണ്ടാകാം. പക്ഷെ വിദൂര നാട്ടിലും അക്ഷരത്തോടുള്ള ആഭിമുഖ്യം കാട്ടുന്നവരാണവർ. അതാണ് പ്രധാനമെന്ന് ഞങ്ങൾ കരുതുന്നു. പ്രവാസ നാട്ടിലും മലയാളത്തിന്റെ അക്ഷരവെട്ടം തെളിയിക്കുന്നവരാണവർ. അവരുടെ കൂട്ടായ്മയാണ് പ്രസ് ക്ലബ്.

അമേരിക്കയിൽ മലയാളി മാധ്യമ പ്രവർത്തകരിൽ മിക്കവർക്കും പത്രപ്രവർത്തനം ഉപജീവനമാർഗ്ഗമല്ല. മിക്കവരും അത് ഫുൾ ടൈം ജോലി ആക്കുന്നുമില്ല.

ഒരു പൊങ്ങച്ച സംഘടനയല്ല പ്രസ് ക്ലബ്. അറിവ് നേടാൻ ആഗ്രഹിക്കുന്നവരുടെ കൂട്ടായ്മ എന്ന് പറയാം. കൺവൻഷനുകളിൽ ഇന്ത്യയിൽ നിന്ന് ഈ രംഗത്തെ വിദഗ്ദ്ധരെ കൊണ്ട് വന്നു സംസാരിക്കുന്നതു തന്നെ ഈ ലക്ഷ്യത്തോടെയാണ്.

വ്യത്യസ്തമായൊരു കൂട്ടായ്മയാണ് ഇവിടെ പ്രസ് ക്ലബ്. അമേരിക്കയിലെ പ്രസ് ക്ളബ് സ്ഥാപനത്തിന്റെ ഒരു രൂപരേഖ മനസിലാക്കിയാൽ അത് ബോധ്യമാകും.

ഇന്ത്യാ പ്രസ് ക്ലബ് രൂപവത്കരിക്കാൻ പെട്ടെന്നുണ്ടായ പ്രചോദനം ഏഷ്യാനെറ്റിൽ പ്രവർത്തിച്ചിരുന്ന സുനിൽ ട്രൈസ്റ്റാർ, കൈരളിയിലെ ജോസ് കാടാപുറം എന്നിവരാണ്. മലയാളികളുടെ ഏതൊരു ചടങ്ങിലും ടിവിക്കാർ ചെല്ലണമെന്ന് സംഘാടകർക്ക് നിർബന്ധം. ടിവിക്കാർ കാമറമാനേയും കൂട്ടി ടോളും കൊടുത്ത് ദൂരെ സ്ഥലത്തുനിന്നു വന്നാലും ഒടുവിൽ പരാതി മിച്ചം.

ഈ സാഹചര്യത്തിലാണ് പ്രസ് ക്ലബ് വേണമെന്ന നിർദേശം അവർ വച്ചത്. അവരുടെ അഭ്യർത്ഥന പ്രകാരം ജേക്കബ് റോയി, ടാജ് മാത്യു, ജെ. മാത്യൂസ്, റെജി ജോർജ്, ജോർജ് തുമ്പയിൽ, സിബി ഡേവിഡ് (കലാവേദി), ജോർജ് ജോസഫ് തുടങ്ങിയവർ അടങ്ങുന്ന സംഘം യോഗം ചേർന്നു. അങ്ങനെ ഇന്ത്യാ പ്രസ് ക്ലബ് 2004-2005 കാലത്ത് രൂപംകൊണ്ടു.

കേരളാ പ്രസ് ക്ലബ് എന്ന് പേരിട്ടാൽ കേരള എന്താണെന്ന് വിശദീകരിക്കണം. അതൊഴിവാക്കാനാണ് ഇന്ത്യാ പ്രസ് ക്ലബ് എന്ന് നല്കിയത്. തുടങ്ങുമ്പോൾ രണ്ടു ലക്ഷ്യങ്ങളെ ഉണ്ടായിരുന്നുള്ളൂ. മാധ്യമ പ്രവർത്തകരുടെ ഇടയിലുള്ള ബന്ധം മെച്ചപ്പെടുത്തുക, പ്രൊഫഷണൽ രംഗത്ത് മികവു നേടുക.

അങ്ങനെ ഒന്നും രണ്ടും മാസം കൂടുമ്പോൾ പ്രസ് ക്ലബ് അംഗങ്ങൾ ഒത്തുചേരാനാരംഭിച്ചു. മറ്റ് നഗരങ്ങളിലും പ്രസ് ക്ലബ് ചാപ്റ്ററുകൾ രൂപംകൊണ്ടു.

മനോരമ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബിനെ പങ്കെടുപ്പിച്ച് ന്യൂ യോർക്കിൽ നടത്തിയ ആദ്യത്തെ സമ്മേളനത്തോടെ (2006) സംഘടനയെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടുണ്ടായി. തുടർന്ന് ചിക്കാഗോയിൽ നിന്ന് ജോസ് കണിയാലി പ്രസിഡന്റും, ന്യൂയോർക്കിൽ നിന്നുള്ള ടാജ് മാത്യു സെക്രട്ടറിയും ആയതോടെ പ്രസ് ക്ലബ് കൂടതൽ ഉയരങ്ങളിലെത്തി. കൂടുതൽ ചാപ്റ്ററുകളും അംഗങ്ങളുമായി. ചിക്കാഗോയിലും ന്യൂജേഴ്സിയിലും നടന്ന സമ്മേളനങ്ങളിൽ കേരളത്തിൽ നിന്നും പ്രമുഖരെത്തി.

ദേശീയ തലത്തിലെ സമ്മേളനം നടക്കുമ്പോൾ തന്നെ ചാപ്റ്റർ തലത്തിലുള്ള സമ്മേളനങ്ങളും മുറയ്ക്ക് നടക്കുന്നുണ്ടായിരുന്നു.

കേരളത്തിൽ നിന്നുള്ള ഒരു മാധ്യമ പ്രവർത്തകന് അവാർഡ് നൽകുന്നത് മറ്റൊരു നാഴികക്കല്ലായി.

പൊതുവെ രാഷ്ട്രീയമോ പരസ്പരം തല്ലുകൂടലോ ഇല്ല എന്നതാണ് പ്രസ് ക്ലബിന്റെ പ്രത്യേകത. അതിനു പല കാരണങ്ങളുണ്ട്.

വൈവിധ്യമാർന്ന സെമിനാറുകളാണ് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക കോൺഫറൻസിനെ വ്യത്യസ്തമാക്കുന്നത്. മാധ്യമങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന വിഷയങ്ങളാണ് എക്കാലവും ഇന്ത്യാ പ്രസ് ക്ലബ് വേദിയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്.

പല സംഘടനകളും സമ്മേളനങ്ങൾ നടത്താറുണ്ട്. അവയെല്ലാം തന്നെ കലാ-കായിക പരിപാടികൾക്കും രാഷ്ട്രീയത്തിനും മറ്റുമാണ് കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് . പ്രസ് ക്ലബ് അങ്ങനെയല്ല. ഗൗരവപൂർണമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നു, മാധ്യമപ്രവർത്തനത്തിനു ഗുണകരമായ കാര്യങ്ങൾ പഠിക്കുന്നു, അറിവ് പങ്കു വയ്ക്കുന്നു, സർവോപരി നമ്മുടെ സൗഹൃദങ്ങൾ പുതുക്കുന്നു. ഇതൊക്കെയല്ലേ പ്രധാനം? രാഷ്ട്രീയവും ചരടുവലികളും ഇവിടെയില്ല.

ഓരോ കോൺഫറൻസും ഒന്നിനൊന്നു മെച്ചം എന്നതാണ് ചരിത്രം.

ഇന്ത്യ പ്രസ് ക്ലബും കേരളത്തിലെ പത്രപ്രവർത്തകരും തമ്മിൽ നല്ല ബന്ധം സ്ഥാപിക്കുക എന്നതായിരുന്നു മാധ്യമശ്രീ പുരസ്കാരം തുടങ്ങാൻ ഒരു കാരണം. കേരളത്തിലെ പത്രക്കാർക്ക് അമേരിക്കയിൽ വരാനും അവിടത്തെ സ്ഥിതി നേരിട്ട് മനസിലാക്കാനും വേണ്ടി അമേരിക്കൻ പര്യടനവും അവാർഡിന്റെ ഭാഗമായിരുന്നു. പിന്നീടത് നിർത്തി. പ്രധാനകാരണം അമേരിക്കയിൽ വരിക ഇന്ന് അത്ര പ്രയാസമുള്ള കാര്യമല്ല. ധാരാളം പത്രക്കാർ ഇപ്പോൾ അമേരിക്ക സന്ദർശിക്കുന്നുമുണ്ട്.

എൻ.പി. രാജേന്ദ്രൻ (മാതൃഭൂമി) അടുത്തയിടക്ക് അന്തരിച്ച ഡി. വിജയമോഹൻ (മനോരമ) എം.ജി. രാധാകൃഷ്ണൻ (ഏഷ്യാനെറ്റ്) ജോണി ലൂക്കോസ് (മനോരമ ടിവി) ഇപ്പോൾ മന്ത്രി ആയ വീണാ ജോർജ്, അന്വേഷണാത്മക പത്രപ്രവർത്തകൻ ജോസി ജോസഫ്, പ്രശാന്ത് രഘുവംശം (ഏഷ്യാനെറ്റ്), കെ.എൻ.ആർ. നമ്പൂതിരി (ജന്മഭൂമി) നിഷ പുരുഷോത്തമൻ (മനോരമ ടിവി) രാജഗോപാൽ, (ടെലിഗ്രാഫ്) തുടങ്ങിയവരാണ് നേരത്തെ ഈ അവാർഡ് നേടിയിട്ടുള്ളത്.

# Best Compliments To

MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards

## IPCNA
## Canada Chapter



**SHIBU KIZHAKKEKUTTU (President), VINCENT PAPPACHAN (Secretary)
VINCENT PAPPACHAN (Secretary), BIJU KATTATHARA (Vice President)
DAVIS (Joint Secretary), JITHU NAIR (Joint Treasurer)
SETHU VIDYASAGAR (Former President), KAVITHA K. MENON (Member)**

# മറുനാട്ടിൽ മാമാങ്കം

# ജന്മനാട്ടിൽ ആഘോഷം



പി എസ് ജോസഫ്

ന്യൂ ജെർസിയിലെ എഡിസണിൽ 2009 നവംബറിൽ നടന്ന ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർ ത്ത് അമേരിക്കയുടെ വാർഷിക സമ്മേളനത്തിൽ അതിഥിയായി പങ്കെടുക്കാനായത് വലിയൊരു അനുഭവമായിരുന്നു .ഇന്ത്യ ടുഡേ മലയാളം എഡിറ്റർ ആയിരുന്ന എന്നെ നേരത്തെ ഫൊക്കാനയും ജർമ്മൻ മലയാളികളും വിദേശയാത്രക്ക് ക്ഷണിച്ചിരുന്നുവെങ്കിലും അത് സ്വീകരിക്കാൻ കഴിഞ്ഞില്ല. ഇതിനിടെ ഗൾഫും സിംഗപ്പൂരും തായ് ലണ്ടും ഔദ്യോഗികമായി സന്ദർശിച്ചു.

എന്റെ ആദ്യത്തെ യു എസ് യാത്ര എന്നത് മാത്രമല്ല വാർത്തകളിൽ മാത്രം പരിചയമുള്ള പലരെയും നേരിൽ കാണുന്നതിനുള്ള അവസരവുമായിരുന്നു അത്. ജോസ് കണിയാലി, ശിവൻ മുഹമ്മ, ജോസ് കാടാപ്പുറം,താജ് മാത്യു , അബ്രഹാം തെക്കേമുറി തുടങ്ങി അമേരിക്കയിൽ മാധ്യമ രംഗത്തും സാഹിത്യരംഗത്തും സാന്നിധ്യം അറിയിച്ചവരെ കാണാൻ അവസരം കിട്ടി.

ആ ചടങ്ങിൽ പങ്കെടുത്ത കേരളത്തിൽ നിന്നുള്ള വി ഐ പി സംഘമായിരുന്നു മറ്റൊരു ആകർഷണം. അന്ന് മന്ത്രിയായിരുന്ന സി പി ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ്, ഇന്ന് മന്ത്രിയായ റോഷി അഗസ്റ്റിൻ, കേരള കോൺഗ്രസ് മാണി വിഭാഗം തലവൻ ജോസ് കെ മാണി, മുഖ്യമന്ത്രിയുടെ പ്രസ് സെക്രട്ടറി പ്രഭാവർമ, അന്ന് ഏഷ്യാനെറ്റ് എക്സിക്യൂട്ടീവ് എഡിറ്റർ ആയിരുന്ന സി എൽ തോമസ് തുടങ്ങിയവർ ആയിരുന്നു മറ്റു വിശിഷ്ടാതിഥികൾ.

ചടങ്ങിലെ വലിയ കൗതുകം പ്രഗല്ഭ വ്യക്തികൾക്ക് പോലും അനുവദിച്ച സമയം കർക്കശമായി പാലിക്കാനുള്ള ശ്രമമായിരുന്നു. ഒരു മണിയുമായി സംഘാടകരിൽ ഒരാൾ രംഗത്തുണ്ട് .എങ്കിലും ചുരുങ്ങിയ സമയം കൊണ്ടു അതിഥികൾ വളരെ ശ്രദ്ധേയമായിപ്രസംഗിച്ചു .യു എസ് സെനറ്റിൽ ഉള്ള ഏഷ്യൻ വംശജരായ പ്രതിനിധികളും യോഗത്തിന് എത്തിയിരുന്നു. വാർത്ത സ്വാതന്ത്ര്യത്തിന്റെ പറുദീസാ എന്ന എൻറെ പ്രയോഗം അന്ന് ഇന്ത്യ എബ്രോഡ് പത്രത്തിന്റെ ഡെപ്യൂ

ട്ടി മാനേജിംഗ് എഡിറ്റർ ആയിരുന്ന എന്റെ ജേഷ്ഠൻ ജോർജ് ജോസഫ് തിരുത്തി യത് ഞാൻ ഓർക്കുന്നു. രാഷ്ട്രീയം പറയാനില്ല എന്ന് ബിനോയ് വിശ്വം പറഞ്ഞപ്പോൾ രാഷ്ട്രീയമിവിടെ പറയണം എന്ന നിലപാടോടെ ഞാൻ പ്രസംഗിച്ചത് ഓർക്കുന്നു. രണ്ടു മിനിറ്റിൽ തൻ്റെ കേരള കോൺഗ്രസ് സംസ്ഥാന പദയാത്രയെ മനോഹരമായി റോഷി അഗസ്റ്റിൻ അവതരിപ്പിച്ചു .തങ്ങളുടെ അയൽക്കാരനെ ശ്രദ്ധിക്കാതെ പോകുന്ന നാട്ടിലെ മനുഷ്യരെ പറ്റിയായിരുന്നു പ്രഭാ വർമ പരാമർശിച്ചത്. തോമസ് ജേക്കബ് മനോഹരമായ ഒട്ടേറെ നുറുങ്ങു കഥകൾ പറഞ്ഞു ..

അന്നത്തെ മലയാളം പത്രം ഓഫീസും rediff.കോം ഓഫീസും സന്ദർശിച്ചു . മെട്രോപൊളിറ്റൻ മ്യൂസിയത്തിൽ ലോകത്തെ അപൂർവ ചിത്രങ്ങൾ കണ്ടു. പിക്കാസോയുടെയും മറ്റും ചിത്രങ്ങൾ ആയിരുന്നു അന്നത്തെ ആകർഷണം. വേൾഡ് ട്രേഡ് സെന്റർ ഒരു വലിയ ഗർത്തമായി കിടക്കുന്നത് ബ്രോഡ്‌വെയിൽ നിന്ന് ഞാൻ നോക്കി കണ്ടു സബർബൻ ട്രെയിൻ ആയിരുന്നു അന്നത്തെ മറ്റൊരു ആകർഷണം .നവംബറിലെ വലിയ തണുപ്പിൽ ബ്രോഡ്‌വെയിലൂടെ നടന്നു .വഴി കണ്ടു പിടിക്കുക ഇത്തിരി ബുദ്ധിമുട്ടായിരുന്നു .ഗൂഗിൾ യുവതി അന്ന് രംഗത്ത് വന്നിരുന്നില്ല . ടൈംസ് സ്‌ക്വയറും അറ്റ്ലാന്റിക് സിറ്റിയിലെ കാസിനോകളും കൌതുക കാഴ്ചകളായി .

വർഷങ്ങൾക്കു ശേഷം യു എസിൽ തിരിച്ചു വന്നപ്പോൾ വേൾഡ് ട്രേഡ് സെന്റർ പുനർ നിർമ്മിച്ചിരുന്നു. ന്യൂ യോർക്കിൽ തന്നെ കാസിനോകൾ. നീണ്ട വലിയ ഹൈവേകൾ ആയിരുന്നു അവിടുത്തെ വലിയ ഒരു ആകർഷണം അതെ പോലെ മലയാള ചിത്രങ്ങൾ പ്രദർശിപ്പിച്ചിരുന്ന മാവേലി സിനിമയും .പിന്നിട് യു എസിൽ മലയാളി മാധ്യമ പ്രവർത്തകരുടെ സംഖ്യ വർദ്ധിക്കുന്നത് നാട്ടിൽ ഇരുന്നു ഞാൻ കണ്ടു . ഇതിനിടെ നാട്ടിലെ എല്ലാ ചാനലുകളും യു എസിൽ എത്തി. ആദ്യമേ ഏഷ്യാനെറ്റ് ചാനൽ എത്തിയിരുന്നു. ഇ-മലയാളിയുമായി സഹകരിക്കുന്നത് കൊണ്ടു ഒട്ടു മിക്ക മാധ്യമ പ്രവർത്തകരെയും എനിക്കറിയാമായിരുന്നു .

പിന്നിട് ഇന്ത്യ പ്രസ് ക്ലബ്ബുമായി സഹകരിക്കുന്നത് 2022 ജനുവരിയിൽ കൊച്ചി ബോൾഗാട്ടി പാലസിൽ നടന്ന മാധ്യമ അവാർഡ് ചടങ്ങിലാണ് . അന്ന് കേരളത്തിലെ മുതിർന്ന മാധ്യമ പ്രവർത്തകരെ ആദരിക്കുന്ന പ്രത്യേക ചടങ്ങും ഉണ്ടായി. ബി ആർപി ഭാസ്കറും പി രാജനും ടി ജെ എസ് ജോർജും ദേശാഭിമാനിയിലെ കെ മോഹനനും അവിടെ ആദരിക്കപ്പെട്ടു. അതോടൊപ്പം ടെലഗ്രാഫിലെ തീപ്പൊരി എഡിറ്റർ രാജഗോപാലും . തികച്ചും വലിയ അംഗീകാരമായിരുനു ഈ അവാർഡുകൾ. ഇത്തവണ അവ കുറച്ചു കൂടി വിപുലമാക്കിയിരിക്കുന്നു.

അന്ന് യോഗത്തിൽ പങ്കെടുത്ത കെ ഏ ഫ്രാൻസിസ് നമ്മോടൊപ്പമില്ല എന്നത് ദുഖകരമായ കാര്യം . എം ബി രാജേഷ് ആയിരുന്നു ഉത്ഘാടകൻ. തോമസ് ജേക്കബ്, എം ജി രാധാകൃഷ്ണൻ, പി പി ശശീന്ദ്രൻ, പി ബി പരമേശ്വരൻ തുടങ്ങി പ്രമുഖരുടെ ഒരു നിര സമ്മേളനത്തിന് എത്തിയിരുന്നു . അതിൽ ഏറെആകർഷിച്ചത് മിഥുൻ ജയരാജും ഡോ ര് ബിനിതയും നടത്തിയ സംഗീത വിരുന്നായിരുന്നു . ഇത്തവണ ഈ ആഘോഷം സുനിൽ ട്രിസ്റ്റാറിന്റെയും ഷിജോ പൗലോസിന്റെയും നേതൃത്വത്തിൽ മറ്റൊരു തലത്തിൽ എത്തുമെന്നു കരുതാം.


India Press Club of North America
IPCNA
Special EDITION
BERAKAH
ELITE EDUCATION PVT. LTD
റാണി തോമസ്




## ജനനം പഠനം കുടുംബ പശ്ചാത്തലം

പി.കെ ഉമ്മച്ചൻ മുതലാളിയുടെയും അന്നമ്മ ഉമ്മന്റേയും പത്തു മക്കളിൽ ഏറ്റവും ഇളയ മകളായി കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിലായിരുന്നു ബെറാഖ എലൈറ്റ് എഡ്യുക്കേഷന്റെ സ്ഥാപകയും മാനേജിങ് ഡയറക്ടറുമായ റാണി തോമസിന്റെ ജനനം. നാല് ചേട്ടന്മാരുടെയും അഞ്ച് ചേച്ചിമാരുടെയും കുഞ്ഞനുജത്തി ആയിരുന്നെങ്കിലും ചെറുപ്പം മുതലേ സഹജീവികളോട് കരുണയും സ്വന്തമായ കാഴ്ചപ്പാടും വിശ്വാസവുമുള്ള വ്യക്തിത്വത്തിന് ഉടമയായിരുന്നു അവർ.

കുളത്തുപ്പുഴ എന്ന ഗ്രാമത്തിൽ നിന്നും ഒരു പെൺകുട്ടി, വിവാഹ ശേഷം ജീവിതം കരുപിടിപ്പിക്കുന്നതിനായി പരിഷ്കൃതമായ കേട്ടുകേൾവി മാത്രമുള്ള മറ്റൊരു ലോകത്തേക്ക് പറിച്ചു നടപ്പെടുന്നു. കഠിനമായ ജീവിത പരീക്ഷണങ്ങൾക്കിടയിലും കർത്താവായ യേശുവിലുള്ള അചഞ്ചലമായ ഭക്തിയെയും വിശ്വാസത്തെയും മുറുകെ പിടിച്ച് മുന്നോട്ട് നീങ്ങുന്നു. ആ യാത്ര ഇന്നെത്തി നിൽക്കുന്നത് വലിയൊരു സ്ഥാപനത്തിന്റെ തലപ്പത്താണ്. ആ ജീവിതാനുഭവങ്ങൾ ആ പെൺകുട്ടിയെ തന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും നേടിയെടുക്കാൻ പ്രാപ്തയായ കരുത്തുറ്റ ഒരു സ്ത്രീയിലേക്ക് പരിവർത്തനം ചെയ്തിരിക്കുന്നു.









സ്കൂൾ പഠനകാലം സെയ്ന്റ്. ഗൊരേറ്റി ഗേൾസ് ഹൈസ്കൂൾ പുനലൂരിലും, കോളേജ് കാലം സെയ്ന്റ്. ജോൺസ് കോളേജ് അഞ്ചലിലും പൂർത്തിയാക്കി. സഹോദരൻ അഡ്വക്കേറ്റ് സാം ഉമ്മൻ(ലേറ്റ്) പുനലൂർ എം.എൽ.എ ആയിരുന്നു. ആ രാഷ്ട്രീയ പശ്ചാത്തലം സ്വാഭാവികമായും റാണിയിലും സ്വാധീനം ചെലുത്തിയിരുന്നു. കോളേജ് പഠനകാലത്ത് വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവ പങ്കാളിയായിരുന്നു റാണി തോമസ്.






## വിവാഹം കുടുംബ ജീവിതം

ഡിഗ്രി പഠനം കഴിഞ്ഞ് ട്രാവൽ ആൻഡ് ടൂറിസം കോഴ്സ് പഠിക്കുന്ന സമയത്തായിരുന്നു വിവാഹം. ഭർത്താവും ആ മേഖലയിൽ ബിസ്സിനെസ്സ് ചെയ്യുന്ന ഒരാൾ ആയത് യാദൃശ്ചികമായിരുന്നു. വിവാഹത്തിന് മുൻപുതന്നെ ആറ് വർഷക്കാലം അദ്ദേഹം അമേരിക്കയിൽ ആയിരുന്നു. എന്നാൽ ഇളയ മകളെ കണ്ണെത്താ ദൂരത്ത് വിവാഹം കഴിപ്പിച്ചയക്കാൻ മാതാപിതാക്കൾക്ക് താല്പര്യമില്ലായിരുന്നു. വിവാഹശേഷം രണ്ടു വർഷക്കാലം തിരുവനന്തപുരത്ത് ലോസൺ ട്രാവെൽസിൽ വർക്ക് ചെയ്തു. എന്നാൽ അമേരിക്കയിലേത് പോലെ ഇവിടെ കേരളത്തിലെ ആളുകളുടെ ഇടയിൽ ഈ ബിസിനസ് അത്ര എളുപ്പമായിരുന്നില്ല തന്റെ തട്ടകം അമേരിക്ക തന്നെയാണെന്ന് ഉറപ്പിച്ച ബിജു ലോസൺ ഭാര്യയുമായി അമേരിക്കയിലേക്ക് മടങ്ങാൻ തീരുമാനിച്ചു.

## അമേരിക്കയിലേക്ക് ഒരു പറിച്ച് നടൽ

1997ൽ അവർ അമേരിക്കയിൽ എത്തി. 1997 ഓഗസ്റ്റ് 15 ന് സ്വാതന്ത്ര്യദിനത്തിന്റെ അന്ന് ലോസൺ ട്രാവെൽസ് ആരംഭിച്ചു . സമ്പന്നതയിൽ വളർന്ന റാണി ജീവിതത്തിന്റെ മറ്റൊരു മുഖം അറിയാനും അനുഭവി





ക്കാനും തുടങ്ങി. എന്നാൽ തോറ്റു പിന്മാറാൻ റാണി തയ്യാറായില്ല. അത്തരമൊരു പ്രതിസന്ധിയിൽ ഭർത്താവിന് താങ്ങാകാൻ അവർ തീരുമാനിച്ചു. അങ്ങനെയാണ് പോസ്റ്റ് ഓഫീസിൽ ജോലിക്കായി കയറുന്നത്. അത് ഒരു വർഷത്തോളം തുടർന്നു. ബിസ്സിനെസ്സ് കരകയറി തുടങ്ങിയതും ജോലി രാജി വെച്ച് റാണി ഭർത്താവിന്റെ സ്ഥാപനത്തിൽ തന്നെ അക്കൗണ്ടന്റായി.

## ഭർത്താവ്  കുട്ടികൾ

ബിസ്സിനെസ്സ് നല്ല രീതിയിൽ ഉയർന്നു . വിവാഹം കഴിഞ്ഞ് ആറ് വർഷത്തിനു ശേഷം ദൈവ കൃപയാൽ അവരുടെ ജീവിതത്തിലേക്ക് ഒരു കുഞ്ഞു മാലാഖയെത്തി. അധികം വൈകാതെ സന്തോഷം ഇരട്ടിയാക്കി രണ്ടാമതൊരു പെൺകുഞ്ഞുകൂടി പിറന്നു. വർഷങ്ങൾക്ക് ശേഷം അപ്രതീക്ഷിതമായി ദൈവത്തിന്റെ സമ്മാനം പോലെ മൂന്നാമതൊരു പെൺകുഞ്ഞും കൂടി ആ സ്നേഹ ഭവനത്തിലേക്ക് വന്നുചേർന്നു.

ഭർത്താവ് ലോസൺ ട്രാവൽസിന്റെ മാനേജിങ് ഡയറക്ടറായ ബിജു തോമസ് സന്തോഷത്തിലും വിഷമത്തിലും ഒപ്പം നിൽക്കുന്നു. കലയെ പ്രോത്സാഹിപ്പിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന  ബിജുവും റാണിയും  ലോസൺ എന്റർടൈൻമെന്റിന്റെ പേരിൽ രണം , വാർത്തകൾ ഇതുവരെ എന്ന രണ്ടു സിനിമകൾ  നിർമ്മിച്ചു . പക്ഷെ  സിനിമകൾ പ്രതീക്ഷിച്ച വിജയത്തിലെത്തിയില്ല. എന്നാൽ റാണിയുടെ ഭാഷയിൽ ആ സിനിമകൾ അവർ 'കലാസാംസ്കാരിക' രംഗത്തിനു നൽകിയ സംഭവനകളായിരുന്നു'.



## ബെറാഖയിലേക്കുള്ള  യാത്ര

കഠിനമായ ജീവിത പ്രതിസന്ധികളിലൂടെ യാത്ര ചെയ്യേണ്ടി വന്നെങ്കിലും ' തന്റെ കരങ്ങളുടെ പ്രവർത്തിയെ ദൈവം സാധ്യമാക്കി' എന്ന റാണിയുടെ വാക്കുകൾ സത്യമാക്കിക്കൊണ്ട് ജീവിതം നല്ല രീതിയിൽ തന്നെ മുന്നോട്ട് പോയി. പക്ഷെ ആ ജീവിതത്തിലും അവർ സംതൃപ്തയായിരുന്നില്ല. ഇതല്ല തന്റെ ജീവിത ലക്ഷ്യമെന്നും സമൂഹത്തിനു വേണ്ടി എന്തെങ്കിലും ചെയ്യണമെന്നുമുള്ള  തീവ്രമായ ആഗ്രഹത്തിന്റെ ആദ്യ പടിയാണ് ബെറാഖയിൽ എത്തി നിൽക്കുന്നത്. ഒരു താഴ്വരയുടെ പേരായ ബെറാഖ ഒരു ബിബ്ലിക്കൽ നെയിം ആണ്. ഒരു വർഷമായി ബെറാഖയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് . കൊച്ചിയിൽ കാക്കനാടും കൊല്ലം ജില്ലയിൽ അഞ്ചലിലുമാണ് കേരളത്തിൽ ബെറാഖ എലൈറ്റ് എഡ്യൂക്കേഷൻ സെന്റർ പ്രവർത്തിക്കുന്നത്. ഹെഡ് ഓഫീസ് യുഎസ്എയിൽ ഡാളസിലെ  ടെക്സസിലാണുള്ളത്



## കേരളത്തിൽ എന്തുകൊണ്ട് ബറാക്ക.

അമേരിക്കയിൽ സ്ഥിര താമസമാക്കിയെങ്കിലും നാടിനോടുള്ള അടങ്ങാത്ത ഇഷ്ടം മനസ്സിൽ സൂക്ഷിച്ചിരുന്നു. എന്തെങ്കിലും ചെയ്യുമ്പോൾ അത് തന്റെ നാടിനു വേണ്ടി ആകണമെന്ന ഉറപ്പും ഉണ്ടായിരുന്നു. ഭർത്താവിന്റെ ബിസിനെസ്സിനോട്  ചേർന്നുപോകുന്ന ഒന്നായിരുന്നു ബെറാഖ  എലൈറ്റ് എഡ്യൂക്കേഷൻ. തന്റെ കരങ്ങളിൽ എത്തിപ്പെടുന്ന കുട്ടികളുടെ ഭാവി ബെറാഖയിൽ  സുരക്ഷിതമായിരിക്കും.  അവരുടെ പ്രൊഫൈൽ കൈയിൽ കിട്ടുന്നതുമുതൽ ആ കുട്ടികളുടെ നിരവധി സംശയങ്ങൾ കൗണ്സിലിങ്ങിലൂടെ മാറ്റുകയും കൺട്രി, കോഴ്സ് , കോളേജ്  തുടങ്ങിയ കാര്യങ്ങൾ തെരെഞ്ഞെടുത്തു നൽകുകയും ചെയ്യും. വിസ കിട്ടുന്നതുമുതൽ ടിക്കറ്റെടുത്തു പ്ലെയിനിൽ കയറുന്നതുവരെ  ബെറാഖ ഒപ്പം ഉണ്ടാകും. മാത്രമല്ല കുട്ടികൾ പഠനം തുടങ്ങി കഴിഞ്ഞതിനു ശേഷവും അവരുടെ സുഖസൗകര്യങ്ങളും പഠനനിലവാര

വുമെല്ലാം ബെറാഖ അന്വേഷിക്കുകയും വിലയിരുത്തുകയും ചെയ്യും. തന്റെ പ്രാർത്ഥനയിൽ എപ്പോഴും ആ കുഞ്ഞുങ്ങൾ ഉണ്ടാകുമെന്നു റാണി പറയുന്നു. ഇന്ന് ഈ മേഖലയിൽ ധാരാളം പേര് പറ്റിക്കപ്പെടുന്നുണ്ട് . ലോകം തന്നെ വിരൽത്തുമ്പിൽ നിൽക്കുന്ന ഈ കാലത്തും കുട്ടികളും അവരുടെ രക്ഷിതാക്കളും എങ്ങനെ ചതിക്കുഴിയിൽ പെടുന്നുവെന്നു റാണി ആശങ്കപ്പെടുന്നുമുണ്ട് . ബെറാഖയുടെ പ്രവർത്തനങ്ങൾ വളരെ സുതാര്യമാണ് അതിനാൽ തന്നെ ബെറാഖ മറ്റുള്ളവയിൽ നിന്നും വേറിട്ടുനിൽക്കുന്നു.

## കുടുംബത്തിന്റെ പിന്തുണ

ബിസ്സിനെസ്സ് ആവശ്യവുമായി ഏറിയ സമയവും കേരളത്തിൽ ചിലവഴിക്കേണ്ടതായിട്ടുണ്ട്. കുട്ടികളും ഭർത്താവും അമേരിക്കയിലും. മൂത്ത മകൾ പൊന്നു എന്ന് വിളിക്കുന്ന അബിഗെയ്ൽ, അനുജത്തിമാരായ തേനുവിനും (അഡലൈൻ ), മന്നക്കും (അനബെൽ) അമ്മയായി മാറാറുണ്ട്. ഭാര്യയെ പിരിഞ്ഞിരിക്കുന്ന



വിഷമമുണ്ടെങ്കിലും റാണിയുടെ ഏത് ആഗ്രഹത്തിനും പിന്തുണയേകി ഭർത്താവും എപ്പോഴും കൂടെയുണ്ട്. മക്കളെ സ്വയം പര്യാപ്തരാക്കി വളർത്തിയതിൽ റാണിയെന്ന അമ്മയ്ക്കും അഭിമാനിക്കാം. മക്കൾ നൽകുന്ന സപ്പോർട്ട് വളരെ വലുതാണ്. മൂത്തമകൾ അബിഗെയ്ൽ ബെറാഖയുടെ വൈസ് പ്രസിഡന്റ് ആണ് . ബെറാഖയുടെ പ്രവർത്തനങ്ങളിൽ മുഖ്യ ഘടകമായി എന്തിനും ഏതിനും അമ്മക്കൊപ്പം അബിഗെയ്ൽ ഉണ്ട് . ഫിനാൻസിൽ ബിബിഎ കഴിഞ്ഞ അബിഗെയ്ൽ ഇപ്പോൾ എംബിഎ ഫിനാൻസ് പഠനത്തിന് ചേർന്നിരിക്കുകയാണ്. അമ്മ റാണിയെ പോലെത്തന്നെ ഈ ചെറിയ പ്രായത്തിൽ വളരെ പക്വതയും സഹജീവികളോട് കരുണയും ദൈവഭയവുമുള്ള നല്ലൊരു ഹൃദയത്തിനു ഉടമയാണ് അബിഗെയ്ൽ .













## സ്ത്രീ എന്ന നിലയിൽ പ്രത്യേകിച്ച് കേരളത്തിൽ...

ഒരു സ്ത്രീ ഒറ്റക്ക് അതും കേരളം പോലൊരു സ്ഥലത്ത് ബിസ്സിനെസ്സ് നടത്തി വിജയിപ്പിക്കുക എന്നത് അത്ര എളുപ്പമല്ല. പക്ഷെ റാണി തോമസ് അവിടെയും വിജയിച്ചു എന്ന് തന്നെ പറയാം. 'പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്. പക്ഷെ ദൈവത്തിന്റെ കൃപ തന്നോട് കൂടെയുണ്ട്. നമ്മുടെ പ്രവൃത്തി ശരിയാണെങ്കിൽ നമ്മൾക്ക് ആരെയും ഭയക്കേണ്ടതില്ല. നമ്മൾ നമ്മുടെ നിലപാടുകളിൽ ഉറച്ചു നിന്നാൽ തളർത്താനും തകർക്കാനും ആർക്കും ധൈര്യമുണ്ടാകില്ല'. മോശമായതൊന്നും തനിക് കേരളത്തിൽ ഉണ്ടായിട്ടില്ല എന്ന് റാണി പറയുന്നു.

## യുവതലമുറ എന്തുകൊണ്ട് പഠനത്തിനും തൊഴിലിനുമായി ഇന്ത്യയിൽ നിന്നും വിദേശത്തേക്ക് പറക്കുന്നു

ആയിരക്കണക്കിന് കുട്ടികളാണ് കേരളത്തിൽ നിന്നും വിദേശത്തേക്ക് പഠനത്തിനായി പോകുന്നത് . എന്തുകൊണ്ടും വിദേശത്തു നൽകുന്ന പഠന സൗകര്യങ്ങൾ കേരളത്തിലും നല്കാൻ കഴിയും. പക്ഷെ വേലിതന്നെ വിളവ് തിന്നുന്ന അവസ്ഥയാണിന്നു ഉള്ളത്. താൻ കണ്ട ഒരു സംഭവം ഉദാഹരണമായി റാണി പറയുന്നു . ഇന്ത്യയൊട്ടാകെ നടക്കുന്ന നീറ്റ് പരീക്ഷ (പിജി) എഴുതാൻ നാളുകളായി ഉറക്കമൊഴിച്ചു പഠിച്ചു വളരെ ദൂരെയുള്ള പരീക്ഷ ഹാളിലേക്കു എത്തിപ്പെടാൻ തലേദിവസം തന്നെ യാത്ര പുറപ്പെടുന്ന കുട്ടികൾക്ക് രാത്രി വൈകിയാണ് പരീക്ഷ മാറ്റിവെച്ചു എന്ന അറിയിപ്പ് ലഭിക്കുന്നത്. അവരുടെ അധ്വാനം, സമയം, പ്രയത്നം എന്നിവയ്ക്കാണ് വിലയില്ലാതെ പോകുന്നത്. പരീക്ഷ മാറ്റാനുള്ള കാരണമായി പറഞ്ഞത് ചോദ്യപേപ്പർ ലീക്കായി എന്നാണ്. എന്തുകൊണ്ട് ഇന്ത്യയിൽ ഇത് സംഭവിക്കുന്നു?. ഇത്തരത്തിലുള്ള ദുരനുഭവങ്ങൾ കുട്ടികളുടെ മാനസികാവസ്ഥയെ പ്രതികൂലമായി ബാധിക്കും ആത്മവിശ്വാസം നഷ്ടപ്പെടുത്തും.

പഠിച്ചിറങ്ങിയാൽ അവർക്കു കേരളത്തിൽ തൊഴിൽ അവസരങ്ങൾ ഉണ്ടോ?. മറ്റുള്ള രാജ്യങ്ങളെ



അപേക്ഷിച്ചു ഇന്ത്യയിൽ തൊഴിൽ അവസരങ്ങൾ കുറവാണ് . നല്ല വ്യവസായ സ്ഥാപനങ്ങളോ കമ്പനികളോ കേരളത്തിൽ ഇല്ലായെന്ന് തന്നെ പറയാം ഉള്ളവയാണെകിൽ നിയമകുരുക്കുകളിൽ ബന്ധിക്കപ്പെടുകയും ചെയ്യുന്നു. തങ്ങളുടെ കഴിവിനനുസരിച്ചു തൊഴിലോ പ്രതിഫലമോ ലഭിക്കാത്തതിനാൽ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ അവർ വിദേശത്തേക്ക് പോകാൻ തയ്യാറാവുകയാണ് . അതുകൊണ്ടു തന്നെ കേരത്തിൽ യുവാക്കളുടെ എണ്ണം വളരെ കുറഞ്ഞു. മറ്റുള്ള രാജ്യങ്ങളുടെ പ്രവർത്തന രീതി മനസിലാക്കാൻ എന്ന വ്യജേന വിദേശത്തേക്ക് പോകുന്ന ജനപ്രധിനിധികൾ അവിടെ നിന്നും മനസിലാക്കിയതിൽ എന്താണ് കേരളത്തിൽ നടപ്പിലാക്കിയത്. ഈ യാത്രകൊണ്ട് അവർ എന്താണ് ഉദ്ദേശിക്കുന്നത്?. ഇതെല്ലം ചോദ്യം ചെയ്യപ്പെടേണ്ടതാണ് എന്നും റാണി അഭിപ്രായയപ്പെടുന്നു.

## ജീവിത ലക്ഷ്യങ്ങളിലൊന്ന്

ജീവിതത്തിൽ ഒറ്റപ്പെട്ടുപോയ സ്ത്രീകൾക്ക് ഒരു കൈത്താങ്ങാകാൻ താൻ ആഗ്രഹിക്കുന്നു . അപകർഷതാബോധം പേറി ആത്മവിശ്വാസം നഷ്ടപ്പെട്ടു തന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ല എന്ന് സ്വയം ഉറപ്പിച്ചു ഇരുളടഞ്ഞു പോകുന്ന സ്ത്രീകൾ പ്രതേകിച്ച് ഭർത്താവിന്റെ വിയോഗത്തോടെ സമൂഹത്തിലും സ്വന്തം കുടുംബത്തിൽ തന്നെയും മാറ്റിനിർത്തപ്പെടുന്ന സ്ത്രീകളെ കൈപിടിച്ചുയർത്തി മെച്ചപ്പെട്ട ജീവിതത്തിലേക്ക് സമൂഹത്തിലേക്ക് എത്തിക്കാൻ റാണിയുടെ ഭാഷയിൽ 'തളർന്ന കൈകളെ ബലപ്പെടുത്തുക കുഴഞ്ഞ കാലുകളെ ഉറപ്പിക്കുക ' എന്ന് ബൈബിളിലെ വാക്യം പോലെ തന്റെ ലക്ഷ്യവും അതാണ്. ആശയറ്റുപോകുന്നവരുടെ മനസ്സിലേക്ക് കൗൺസിലിംഗിലൂടെ വെളിച്ചം നിറക്കാനും അവർക്കു ജീവിതത്തോട് പ്രത്യാശ ഉണ്ടാക്കിയെടുക്കുവാനും തന്റെ വാക്കുകൾക്ക് കഴിയും എന്ന് റാണി ഉറച്ചു വിശ്വസിക്കുന്നു. ഒരു പക്ഷെ ആ ചേർത്തുപിടിക്കൽ മതിയാകും ആത്മഹത്യ എന്ന പാപത്തിൽ നിന്നും അവരെ കരകയറ്റാൻ.













## ബിസ്സിനെസ്സ് രംഗത്തേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്കായി...

'ബിസ്സിനെസ്സ് രംഗത്തേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്നവർ ആദ്യം ചെയ്യേണ്ടത് അവരുടെ തന്നെ കഴിവുകൾ തിരിച്ചറിയുക എന്നതാണ്. കഴിയാത്ത കാര്യത്തിന് ഇറങ്ങി പുറപ്പെടുന്നത് സമയവും, സമ്പത്തും ഒരുപോലെ നഷ്ടപ്പെടുത്തും. നമ്മുടെ കഴിവിനനുസരിച്ചുള്ളത് നമ്മൾ ചെയ്യണം. ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം സ്വന്തം കാലിൽ നിൽക്കുക എന്നുള്ളതാണ് പ്രധാനം. ആത്മവിശ്വാസം വർധിപ്പിക്കുക. നല്ല ഭാര്യ, നല്ല അമ്മ, നല്ല മരുമകൾ എന്നീ പദവികൾക്ക് ഒപ്പം തന്നെ സ്വന്തം കാലിൽ നിന്നുകൊണ്ട് തന്റെ കുടുംബത്തിന് താങ്ങാവാനും സാധിക്കും. ജീവിതം പൊരുതി നേടിയ കരുത്തുറ്റ ഒരു സ്ത്രീയുടെ സാക്ഷ്യങ്ങളാണിവ. റാണി തോമസ് എന്ന ബിസ്സിനെസ്സുകാരിയുടെ വാക്കുകൾ.

– രഞ്ജിനി രാമചന്ദ്രൻ

# ഒരു അമേരിക്കൻ
# ആല്മബന്ധത്തിന്റെ കഥ



**അഭിലാഷ് മോഹൻ**
ഡെപ്യൂട്ടി എഡിറ്റർ
മാതൃഭൂമി

ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക എന്ന സംഘടനയെ ആദ്യം കേൾക്കുന്നത് പത്ര താളുകളിൽ നിന്നാണ്. കേരളത്തിലെ മാധ്യമ പ്രവർത്തകർക്ക് അമേരിക്കയിൽ ആതിഥ്യം അരുളുന്ന കൂട്ടായ്മ എന്ന നിലയിൽ. അടുത്ത് അറിയുന്നത് വർഷങ്ങൾക്ക് ശേഷം എന്നെ മാധ്യമ പുരസ്കാരത്തിന് തിരഞ്ഞെടുത്തപ്പോൾ ആണ്. ശബരിമല പ്രക്ഷോഭം കത്തിക്കാളുന്ന കാലം. ഞാൻ അന്ന് റിപ്പോർട്ടർ ടിവിയിൽ ജോലി ചെയ്യുന്നു. ആ വിഷയത്തിലെ ചില ചർച്ചകൾ സോഷ്യൽ മീഡിയയിലും മറ്റും വിവാദമായി നിൽക്കുമ്പോളാണ് ഈ പുരസ്കാര പ്രഖ്യാപനം. അതുകൊണ്ട് തന്നെ അത് ഒരു ആഘോഷമായി. ഞങ്ങൾക്ക് ഇക്കുറി ഏറ്റവും അധികം ചീത്തവിളി കിട്ടിയത് താങ്കളെ പുരസ്കാരത്തിന് തിരഞ്ഞെടുത്തതിനാണെന്ന് അന്ന് ഒരു ഭാരവാഹി പറഞ്ഞത് ഓർക്കുന്നു ഇപ്പോളും. 2019 ജനുവരിയിൽ ബോൾഗാട്ടി പാലസിൽ നടന്ന പ്രൗഢമായ ചടങ്ങിൽ ആയിരുന്നു പുരസ്കാര വിതരണം. വലിയ ഒരു ആത്മബന്ധത്തിന്റെ ഒരു തുടക്കമായിരുന്നു ആ പുരസ്കാര സന്ധ്യ. ഐ പി സി എൻ എ എന്ന കൂട്ടായ്മയുടെ ഐക്യവും ഊഷ്മളതയും അറിയുന്നത് അന്നാണ്. അതേ വർഷത്തെ കോൺഫറൻസിന് ക്ഷണവുമായി ശ്രീ സുനിൽ തൈമറ്റത്തിന്റെ ഫോൺ വരുന്നത് പാലാ ഉപതിരഞ്ഞെടുപ്പ് കവർ ചെയ്ത്കൊണ്ട് നിൽക്കുമ്പോൾ ആണ്. അടുത്ത ദിവസങ്ങളിൽ തന്നെ ചെന്നൈയിൽ വിസാ ഇന്റർവ്യൂവിന് പോയി. പക്ഷേ അപ്രതീക്ഷിതമായി വിസ നിരസിക്കപ്പെട്ടു. ജീവിതത്തിലെ അപൂർവം തിരസ്കാരങ്ങളിൽ ഒന്നായതുകൊണ്ടാകാം വലിയ നിരാശ തോന്നി. പിന്നീട് കോവിഡ് കാലം വന്നു. ഇതിനിടയിലും ഐപിസിഎൻഎ നടത്തുന്ന പ്രവർത്തനങ്ങൾ സാകൂതം വീക്ഷിക്കാറുണ്ടായിരുന്നു. 2023 ഏപ്രിലിൽ അമേരിക്കൻ സർക്കാരിന്റെ ഐവിഎൽപി ഫെലോ ആയി ഒരുമാസം വിവിധ നഗരങ്ങളിൽ ഉണ്ടായിരുന്നെങ്കിലും സംഘടനയുമായി ബന്ധപ്പെടാൻ കഴിഞ്ഞില്ല.

Best Compliments To

MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards

# IPCNA
## Chicago Chapter



**ANIL MATTATHIKUNNEL (Secretary), BIJU ZACHARIA (President)**
**ALLEN GEORGE (Treasurer), PRASANNAN PILLAI (Vice President)**
**Dr. SIMI JESTO (Joint Secretary), VARGHESE PALAMALAYIL (Joint Treasurer)**

ഒടുവിൽ കാവ്യനീതി പോലെ സുനിൽ തൈമറ്റം അധ്യക്ഷൻ ആയിരിക്കുമ്പോൾ തന്നെ മിയാമിയിൽ വെച്ച് നടന്ന അന്താരാഷ്ട്ര മാധ്യമ സമ്മേളത്തിൽ പങ്കുകൊള്ളാൻ അവസരം ലഭിച്ചു. ജീവിതത്തിലെ അവിസ്മരണീയമായ ഒരാഴ്ച ആയിരുന്നു അത്. കേരളത്തിലെ മാധ്യമ സുഹൃത്തുക്കൾക്കൊപ്പം ഹോളിഡേ ഇൻ ഹോട്ടലിൽ നടന്ന നിരവധി സംവാദ സദസ്സുകളിൽ പങ്കെടുത്തു. അമേരിക്കയിൽ ജീവിക്കുന്ന മലയാളികൾ ആയ മാധ്യമ പ്രവർത്തകർ എത്ര സജീവവും സക്രിയവും ആയി ആണ് വിഷയങ്ങളിൽ ഇടപെടുന്നത് എന്ന് അത്ഭുതത്തോടെയാണ് വീക്ഷിച്ചത്. കേരളത്തിൽ നിന്ന് ഭൂമിശാസ്ത്രപരമായി അകലെ ആണെങ്കിലും ഇവിടെ നടക്കുന്ന ഓരോ കാര്യങ്ങളിലും ആഴത്തിൽ ഉള്ള അവഗാഹം ഈ കൂട്ടായ്മയിലെ ഓരോ അംഗത്തിനും ഉണ്ട്. സൂക്ഷ്മമായ നിരീക്ഷണവും സമഗ്രമായ കാഴ്ചപ്പാടുകളും തെളിഞ്ഞ് കണ്ടു. ഐപിസിഎൻഎ അംഗങ്ങളുടെ സാഹോദര്യവും ഇഴയടുപ്പവുമാണ് മറ്റൊന്ന്. അസൂയപ്പെടുത്തുന്ന ഐക്യമാണല്ലോ എന്ന് മനസ്സിൽ തോന്നുകയും ചെയ്തു. സുനിൽ ട്രൈസ്റ്റാറിന്റെ നേതൃത്വത്തിൽ പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്ത ശേഷമാണ് ഞങ്ങൾ അവിടെ നിന്ന് ന്യൂ ജേഴ്സിയിലേക്ക് മടങ്ങിയത്. സന്തോഷം നിറഞ്ഞ ഓർമകൾക്കൊപ്പം നല്ല ഒരുപിടി സൗഹൃദങ്ങൾ ആണ് മിയാമി കോൺഫറൻസിന്റെ നീക്കിയിരിപ്പ്.

ന്യൂ ജേഴ്സിയിലെ താമസം ശ്രീ മധു കൊട്ടാരക്കരയുടെ വീട്ടിൽ ആയിരുന്നു. എപ്പോൾ നാട്ടിൽ വന്നാലും കാണുന്ന തരത്തിൽ ഒരു ജ്യേഷ്ഠസഹോദര ബന്ധമാണ് എനിക്ക് അദ്ദേഹത്തോട്. ആ കാലയളവിൽ ന്യൂ ജേഴ്സിയിലെ സൗഹൃദ കൂട്ടായ്മകളുടെ ഭാഗമാകാൻ കഴിഞ്ഞത് അമൂല്യമായ ഓർമയാണ്. ബിജു കിഴക്കേകുറ്റ്, രാജു പള്ളത്ത്, ഷിജോ പൗലോസ് തുടങ്ങി അമേരിക്കയിലെ പ്രമുഖ മലയാളി മാധ്യമ വ്യക്തിത്വങ്ങളുടെയെല്ലാം സൗഹൃദം വിലമതിക്കാൻ ആകാത്തതാണ്. പുതിയ ഭരണസമിതിയെ നയിക്കുന്ന സുനിൽ ട്രൈസ്റ്റാർ നിരന്തരം അവിടുത്തെ വിവരങ്ങളും കൂട്ടായ്മയുടെ പരിപാടികളുടെ വിവരങ്ങളും പങ്കുവെക്കുന്നു എന്നത് സന്തോഷകരമാണ്.

മലയാള മാധ്യമങ്ങൾ ഐപിസിഎൻഎയുടെ ശ്രമങ്ങൾക്ക് സമ്പൂർണ പിന്തുണയാണ് നൽകി വരുന്നത്. മലയാള മാധ്യമ മേഖലയോടുള്ള ഇന്ത്യാ പ്രസ് ക്ലബിന്റെ അകൈതവ സ്നേഹത്തിന്റെ ഉദാഹരണമാണ് മാധ്യമശ്രീ പുരസ്കാരങ്ങൾ. ഇത് മാധ്യമപ്രവർത്തകർക്കുള്ള വലിയ പിന്തുണ ആണ്. മധു കൊട്ടാരക്കയുടെ ജേണലിസം കോളേജ് കൂടി പ്രവർത്തനം ആരംഭിക്കുന്നതോടെ മാധ്യമ പരിശീലന രംഗത്തും ഒരു വലിയ കാൽവെയ്പ്പ് ഉണ്ടാകും. ഐപിസിഎൻഎയുടെ തുടർ പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു


India Press Club of North America
IPCNA
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN & MINI SAJAN
BRONZE
SPONSOR
VIJI
ABRAHAM

# അമേരിക്കയിൽ ഒരു ഇന്ത്യ



**ക്രിസ്റ്റിന ചെറിയാൻ**
അസി. ന്യൂസ് എഡിറ്റർ
24 ന്യൂസ്

ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുമായുള്ള ബന്ധം തുടങ്ങുന്നത് ട്വന്റിഫോർ യുഎസ്എയുടെ ഭാഗമായ അമേരിക്കൻ ഡയലോഗ് എന്ന പരിപാടിയുടെ അവതാരക ആയതോടെയാണ്. അമേരിക്കയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്ന വാരാന്ത്യ ചർച്ചയിൽ ഐപിസിഎൻഎ ഭാരവാഹികൾ എത്തിയതോടെ സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അറിയാനിടയായി. മലയാളി സംഘടനകളെക്കുറിച്ചുള്ളത് മുതൽ വിവിധ രാഷ്ട്രീയ-സാമ്പത്തിക വിഷയങ്ങളിൽ നടന്ന ചർച്ചകൾ സജീവമാക്കുന്നതിൽ പ്രസ് ക്ലബ് ഭാരവാഹികളുടെ സാന്നിധ്യം എടുത്തുപറയേണ്ടതാണ്. ഓരോ വാർത്തയും അതർഹിക്കുന്ന ഗൗരവത്തോടെ സമീപിക്കുകയും കൃത്യമായി പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്തിരുന്ന പ്രസ് ക്ലബ് അംഗങ്ങൾ അതിഥികളായി വന്ന ചർച്ചകളെല്ലാം പ്രേക്ഷകർക്ക് പുതിയ അനുഭവം പകരുന്നതായി.

അങ്ങനെയിരിക്കെയാണ് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ രാജ്യാന്തര മാധ്യമ കോൺഫറൻസിൽ പങ്കെടുക്കാൻ ക്ഷണം ലഭിക്കുന്നത്. 2023 നവംബർ 2 മുതൽ 5 വരെ ഫ്ലോറിഡയിലെ മയാമിയിൽ നടന്ന കോൺഫറൻസിൽ പങ്കെടുത്ത ദിവസങ്ങളും തുടർന്ന് അവിടെ ചെലവിട്ട രണ്ടാഴ്ചയും അമേരിക്കയിലെ മലയാളി മാധ്യമ പ്രവർത്തകരെക്കുറിച്ചുള്ള വേറിട്ട കാഴ്ചപ്പാട് നൽകുന്നതായിരുന്നു. മികച്ച സംഘടനാപാടവം കൂടി ദൃശ്യമായ ദിവസങ്ങളായിരുന്നു കോൺഫറൻസിന്റേത്. കാമ്പുള്ള ചർച്ചകളിൽ കേരളത്തിൽ നിന്നുള്ള പ്രമുഖ മാധ്യമപ്രവർത്തകരും പങ്കെടുത്തു. എന്നെ അദ്ഭുതപ്പെടുത്തിയത് വാർത്തയിലും അനുബന്ധ വിഷയങ്ങളിലും അമേരിക്കൻ മലയാളികൾക്കുള്ള താത്പര്യവും അറിവുമാണ്. സമൂഹ മാധ്യമങ്ങളിലെ നെല്ലും പതിരും വേർതിരിക്കുന്നതിനായി നടത്തിയ ചർച്ചയിൽ മാതൃഭൂമി ഡെപ്യൂട്ടി എഡിറ്റർ അഭിലാഷ് മോഹനനൊപ്പം മോഡറേറ്റ് ചെയ്തപ്പോൾ

# India Press Club of North America

## MADHYAMASREE MADHYAMARATNA MEDIA EXCELLENCE Awards

**PLATINUM EVENT SPONSOR**

**SAJ GROUP**
HOTELS & RESORTS



# SAJAN & MINI SAJAN

ലഭിച്ച ആവേശകരമായ പ്രതികരണങ്ങളും ചോദ്യങ്ങളും അദ്ഭുതപ്പെടുത്തി. ഉദ്ഘാടന-സമാപന സമ്മേളനങ്ങളും പാനൽ ചർച്ചകളും സെമിനാറുകളുമൊക്കെ ഒട്ടും സമയം പാഴാക്കാതെ പ്രൊഫഷണലായും കൃത്യമായ ആശയവിനിമയത്തോടും കൂടിയായിരുന്നു. അങ്ങനെ മികച്ച സംഘാടകരാണ് തങ്ങളെന്ന് ഓരോ സെഷനും കഴിയുമ്പോഴും ഭാരവാഹികൾ തെളിയിച്ചു. ഒരിക്കലും ഒരു വേദിയിൽ ഒരുമിച്ചെത്തില്ലെന്ന് കരുതിയിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രി പിണറായി വിജയനെയും അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെയും  മാധ്യമ ശ്രീ മാധ്യമ രത്ന പുരസ്കാര വേദിയിലൊരുമിച്ചെത്തിച്ച് ചരിത്രം കുറിച്ച സംഘടന കൂടിയാണ് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക. വർഷം തോറും മികവിന് അംഗീകാരമായി മാധ്യമ ശ്രീ, മാധ്യമ രത്ന പുരസ്കാരവിതരണം നടത്തുന്നതും ഏറെ ശ്രദ്ധേയമായ രീതിയിലാണ്.

രാജ്യാന്തര മാധ്യമങ്ങളിൽ മികവ് തെളിയിച്ച മലയാളി മാധ്യമപ്രവർത്തകരേറെയാണ്. അആഇ ന്യൂസിലെ അമേരിക്ക ദിസ് മോണിങ്, വേൾഡ് ന്യൂസ് എന്നീ പരിപാടികളുടെ അവതാരകയായ റീന നൈനാൻ തനിക്ക് വിവിധ മേഖലകളിലുള്ള അവഗാഹവും ഏറെ പക്വതയോടെയുള്ള അവതരണവും കൊണ്ട് ഏറെ ശ്രദ്ധേയയായ മലയാളി മാധ്യമ പ്രവർത്തകയാണ്. ലോകമൊട്ടാകെ സഞ്ചരിച്ച് നടത്തിയ റിപ്പോർട്ടിങ് അനുഭവമുള്ള റീന നൈനാന്റെ കരിയർ ഗ്രാഫ് ഒട്ടൊരു അദ്ഭുതത്തോടെയാണ് നോക്കിക്കാണാനാകുക. യു എസ് പ്രസിഡന്റിനൊപ്പം യാത്ര ചെയ്യാനും നെൽസൺ മണ്ടേലയുടെ ജീവിതത്തിന്റെ അവസാന ആഴ്ചകളിലെ റിപ്പോർട്ടിങ്ങുമൊക്കെയായി സന്പുഷ്ടമാണ് റീന നൈനാന്റെ മാധ്യമപ്രവർത്തന ജീവിതം. ശുദ്ധ മലയാളം സംസാരിക്കുന്ന റീന തന്റെ ഒഴിവു സമയങ്ങളിൽ ഹീബ്രുവും അറബിക്കും പഠിക്കാൻ കാണിച്ച താത്പര്യം ജോലിയോടുള്ള അവരുടെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്.

ഹാർവാർഡ് മെഡിക്കൽ സ്കൂളിൽ നിന്ന് മെഡിക്കൽ ട്രെയിനിങ് സ്പെഷ്യാലിറ്റി പൂർത്തീകരിച്ച ഡോ ദേവി നമ്പ്യാപറമ്പിൽ ഇക്കണോമിക്സ് , ബയോളജി എന്ന അപൂർവ കോമ്പിനേഷനിൽ ഡബിൾ മേജർ ഹോൾഡർ കൂടിയാണ്. ദ ഡോക്ടർ OZ ഷോയിൽ ആരോഗ്യ വിദഗ്ധയായി പങ്കെടുത്ത ദേവി കടുത്ത മൈഗ്രെയ്നുള്ള ബോട്ടോക്സ് ഇഞ്ചക്ഷൻ ലൈവ് ഓഡിയൻസിന് മുന്നിൽ എടുക്കാൻ ചങ്കൂറ്റം കാട്ടിയ വ്യക്തിയാണ്. ഫോക്സ് 5 ന്റെ ഓൺ എയർ മെഡിക്കൽ കോൺട്രിബ്യൂട്ടർ പുരസ്കാരവും ദേവി നമ്പ്യാപറമ്പിൽ നേടിയിട്ടുണ്ട്. സമയം കൃത്യമായി വിനിയോഗിച്ച് മാധ്യമ മേഖലയിലെ തന്റെ കരുത്ത് തെളിയിച്ച ദേവി നമ്പ്യാപറമ്പിൽ പുതുതലമുറ മാധ്യമ പ്രവർത്തകർക്ക് മാതൃകയാണ്.


കടൽ കടന്ന് അമേരിക്കയിലെത്തി മാധ്യമ പ്രവർത്തനത്തോടുള്ള അദമ്യമായ താത്പര്യം മാത്രം വഴി തെളിച്ച ഒരു പിടി മലയാളി മാധ്യമ പ്രവർത്തകരുടെ കൂട്ടായ ശ്രമമാണ് വാർത്തകൾ കൃത്യമായും സമയബന്ധിതമായും അർഹിക്കുന്ന ഗൗരവത്തോടെയും വാർത്താ കുതുകികളായ മലയാളികളിലേക്കെത്തിക്കുന്നത്. കുടിയേറ്റത്തിന്റെ ആദ്യ കാലത്ത് പല പത്രങ്ങളിൽ നിന്നുള്ള വാർത്തകൾ വെട്ടിയെടുത്ത് പത്രമുണ്ടാക്കി വായനക്കാരിലേക്കെത്തിച്ചവരാണ് ആദ്യ തലമുറ അമേരിക്കൻ മലയാളി മാധ്യമ പ്രവർത്തകർ. അവരുടെ ആ കഷ്ടപ്പാടുകളുടെ ഫലം കാണുന്നത് ജോലിയിൽ നിന്ന് കിട്ടുന്ന പ്രതിഫലം കൊണ്ട് ലാഭേച്ഛയില്ലാതെ വായനക്കാരിലേക്കെത്തുന്ന ചില പ്രസിദ്ധീകരണങ്ങളാണ്. മുതിർന്ന മാധ്യമ പ്രവർത്തകരായ പി പി ചെറിയാനും ജോർജ് ജോസഫും ദൃശ്യ മാധ്യമ രംഗത്തെ മുഖമായ കൃഷ്ണ കിഷോറുമൊക്കെ തങ്ങളുടെ അധികസമയവും കഴിവുമൊക്കെ വാർത്താലോകത്തിന്റെ വളർച്ചക്കായി അർപ്പിച്ചവരാണ്.

ദൈവത്തിന്റെ സ്വന്തം നാട്ടിൽ മാത്രമല്ല, അങ്ങ് ഏഴാം കടലിനക്കരെയും തെളിമയും സുതാര്യവുമായ മാധ്യമ പ്രവർത്തനം കൊണ്ട് മാതൃകയാകുന്ന ഒരുപിടി മാധ്യമപ്രവർത്തകരാണ് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ മുന്നണിയിലും പിന്നണിയിലും പ്രവർത്തിക്കുന്നത്. ഏറെ ആത്മാർഥതയോടെ ഇവരെത്തിക്കുന്ന വാർത്തകൾ ആവേശമൊട്ടും ചോരാതെ വായിച്ചും കണ്ടും കേട്ടും ഗൗരവമായി വിശകലനം ചെയ്യുന്ന അമേരിക്കൻ മലയാളികളും പ്രശംസയർഹിക്കുന്നു. ഇവർക്കൊപ്പം ചെലവഴിക്കാൻ കഴിഞ്ഞ ചുരുങ്ങിയ സമയം ഒരു പഠന ക്ലാസ് പോലെയായിരുന്നു. അമേരിക്കൻ മാധ്യമ ചരിത്രത്തിലെ സുവർണ അധ്യായം തുന്നിച്ചേർത്തുകൊണ്ടിരിക്കുന്ന മലയാളി മാധ്യമക്കൂട്ടായ്മക്ക് ആശംസകൾ.

# നേർകാഴ്ച

## അമേരിക്കൻ മലയാളികളുടെ നേരറിവിന്റെ സാക്ഷ്യപത്രവുമായി ഒൻപതാം വർഷത്തിലേക്ക്

***Best Compliments from NERKAZHCHA News Team, USA***



**Simon Valacheril**
Publisher & Chief Editor



**Rajesh Varghese**
Publisher & Chairman



**Joseph Millil**
Patron



**Anil Kumar Aranmula**
Executive Editor



**Fr. TJ Puliyan, MSFS**
Editor & Spiritual Director



**A.S. Sreekumar**
Associate Editor



**Jeemon Ranni**
Sub Editor



**Sabu Kurian**
Director Media Admin

## NERKAZHCHA NEWS

445 FM 1092 SUITE# 100B, STAFFORD, TEXAS, USA 7747
Phone: 847-630-0037, 832-406-1638, 832-273-0361
www.nerkazhcha.com e-mail: news@nerkazhcha.com




THE NATIONAL NEWS WEEKLY OF MALAYALEES IN USA, PUBLISHED FROM HOUSTON, TEXAS

# India Press Club of North America

# IPCNA Houston Chapter

## OFFICIALS 2024-25



**SIMON VALACHERIL**
President



**MOTTI MATHEW**
Secretary



**AJU VARIKADU**
Treasurer



**JEEMON RANNI**
Vice President



**SAJI PULLAD**
Joint Secretary



**RAJESH VARGHESE**
Joint Treasurer

# India Press Club of North America

# IPCNA
## Philadelphia Chapter

## OFFICIALS 2024-25



**ARUN KOVATTU**
President



**ROJISH SAMUEL**
Vice President



**SUMOD NELLIKKALA**
Secretary



**GEORGE OALICKAL**
Joint Secretary



**VINCENT EMMANUEL**
Treasurer



**SIJIN THIRUVALLA**
Joint Treasurer

# IPCNA New York Chapter

## OFFICIALS 2024-25



**SHOLY KUMPILUVELY**
President



**JOJO KOTTARAKKARA**
Secretary



**BINU THOMAS**
Treasurer



**MOIDEEN PUTHENCHIRA**
Vice President



**JACOB MANUEL**
Joint Secretary

# India Press Club of North America

# IPCNA Florida Chapter

## OFFICIALS 2024-25



**BINU CHILAMPATH**
Secretary



**JESSY PARATHUNDIL**
President



**ABY ANAND**
Treasurer



**BIJU GOVINDANKUTTY**
Vice President




**SABU MATHAI**
Joint Secretary

# India Press Club of North America

# IPCNA
## Canada Chapter

## OFFICIALS 2024-25



**SHIBU KIZHAKKEKUTTU**
President



**VINCENT PAPPACHAN**
Secretary



**ANISH MARAMATTAM**
Treasurer



**BIJU KATTATHARA**
Vice President



**DAVIS**
Joint Secretary



**JITHU NAIR**
Joint Treasurer



**SETHU VIDYASAGAR**
Former President



**KAVITHA K. MENON**
Member

# India Press Club of North America

# IPCNA
## Chicago Chapter

## OFFICIALS 2024-25



**ANIL MATTATHIKUNNEL**
Secretary



**BIJU ZACHARIA**
President



**ALLEN GEORGE**
Treasurer



**PRASANNAN PILLAI**
Vice President



**DR. SIMI JESTO**
Joint Secretary



**VARGHESE PALAMALAYIL**
Joint Treasurer

# India Press Club of North America

# IPCNA
## California Chapter

## OFFICIALS 2024-25



**SODHARAN VARGHESE**
President



**MANU THURUTHICADAN**
Secretary



**Dr. JOHN WESLEY**
Treasurer



**GIGY ABRAHAM**
Joint Treasurer



**REJI JOHN**
Vice President



**ATHIRA SURESH**
Joint Secretary

# India Press Club of North America

# IPCNA Atlanta Chapter

## OFFICIALS 2024-25



**KAJAN ZACHARIAH**
President



**BINU KASIM**
Secretary




**THOMAS JOSEPH**
Treasurer



**SHINY ABOOBACKER**
Vice President



**ANU SHIBU**
Joint Secretary



**SADIK PULICKAPARAMBIL**
Joint Treasurer



**MEERA PUTHIYADATH**
Member



**AMMU ZACHARIAH**
Member



**FAMINA CHUKKAN**
Member

# India Press Club of North America

# IPCNA Dallas Chapter

## OFFICIALS 2024-25



**SHAJI S. RAMAPURAM**
President



**SAJI STARLINE**
Secretary



**THOMAS KOSHY**
Treasurer




**SUDHA PLACKAT**
Vice President




**RAVIKUMAR EDATHUA**
Vice President



**MARTIN VILANGOLIL**
Joint Secretary



**JOSE PLACKAT**
Advisory Board Member



**ABRAHAM THOMAS**
Advisory Board Member

# India Press Club of North America

# IPCNA Michigan Chapter

## OFFICIALS 2024-25



**AJAI ALEX**
**President**



**SHARON SEBASTIAN**
**Secretary**



**JAIN KANNACHANPARAMBIL**
**Treasurer**



**ALAN JOHN CHENNITHALA**
**Vice President**



**LAL THOMAS**
**Joint Secretary**



**SHIJU WILSON**
**Joint Treasurer**

## പൂർവികരുടെ വഴിയിലൂടെ

# ജാഗ്രതയോടെയുള്ള മാധ്യമ പ്രവർത്തനം



**സൈമൺ വാളാച്ചേരി**
**ചീഫ് എഡിറ്റർ നേർക്കാഴ്ച,**
**പ്രസിഡന്റ് ഐ. പി. സി. എൻ. എ**
**ഹൂസ്റ്റൺ ചാപ്റ്റർ**

അമേരിക്കയിലെ മലയാള മാധ്യമ ചരിത്രത്തിൽ നേർകാഴ്ചയുടെയും വായനാബോധത്തിന്റെയും വളച്ചുകെട്ടില്ലാത്ത വഴി തുറന്ന പ്രസ്ഥാനമാണ് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐ.പി.സി.എൻ.എ). സംഘടനയുടെ മാധ്യമ പുരസ്കാരങ്ങളും എക്കാലവും വേറിട്ടത് തന്നെ. മാറുന്ന കാലത്തിനൊപ്പം മാധ്യമ പ്രവർത്തനം നടത്തുന്നവരെ ഒരു കുടക്കീഴിലെത്തിച്ച് വാർത്തകളും വിശേഷങ്ങളും പങ്കുവയ്ക്കുന്നതിനൊപ്പം ജന്മനാട്ടിൽ ദൃശ്യ അച്ചടി മാധ്യമ രംഗത്ത് ശോഭിക്കുന്നവരെ 'മാധ്യമശ്രീ', 'മാധ്യമരത്ന' പോലെയുള്ള അംഗീകാരങ്ങൾ നൽകി ഐ.പി.സി.എൻ.എ ആദരിക്കുന്നത് മലയാളികൾ മറക്കാത്ത പത്രവായനാ ശീലത്തിന്റെ പിന്തുടർച്ചയാണ്.

പത്രവായനയില്ലാത്ത മലയാളികൾ ചുരുക്കം. നാടുവിട്ട് പ്രവാസജീവിതത്തിലെ തിരക്കുകളിലേക്ക് കുടിയേറിയാലും ഒരു ശരാശരി മലയാളിക്ക് പത്രം വായിക്കാതെ ദിവസം തള്ളിനീക്കാൻ സാധിക്കാത്ത കാലമുണ്ടായിരുന്നു. കാലത്തിനൊപ്പം മാറിയ മലയാളിക്ക് വാർത്തകളറിയാൻ മാർഗ്ഗങ്ങളുമേറി. ലോകത്തിന്റെ ഏതു കോണിലെത്തിയാലും മലയാളിയുടെ കയ്യൊപ്പുള്ള ഒരു പ്രസിദ്ധീകരണമുണ്ടാവും എന്നത് അഭിമാനിക്കാനുള്ള കാര്യം തന്നെ. അമേരിക്കയിൽ അതിന്റെ തെളിവാണ് ഐ.പി.സി.എൻ.എയും അതിന്റെ കീഴിലുള്ള നിരവധി മാധ്യമ പ്രസ്ഥാനങ്ങളും.

അമേരിക്കൻ മലയാളികളുടെ ആദ്യകാല കുടിയേറ്റ നാളുകളിൽ ബന്ധുമിത്രാദികളുടെ കത്തുകളിൽ നിന്നായിരുന്നു നാടിനെക്കുറിച്ചുള്ള വിവരങ്ങൾ അറിഞ്ഞിരുന്നത്. കപ്പലേറുന്ന കത്തുകൾ മേൽവിലാസക്കാരന്റെ പക്കലെത്താൻ മാസങ്ങളെടുക്കും. പിന്നീട് മലയാളത്തിന്റെ പ്രിയപ്പെട്ട പത്രങ്ങളുടെ ഒരു

മാസത്തെ കോപ്പികൾ ഒന്നിച്ച് അമേരിക്കയിലെത്തിച്ചു തുടങ്ങിയത് മറ്റൊരു ചരിത്രം സൃഷ്ടിച്ചു. എന്നാൽ, ജോലിക്കും മറ്റു തിരക്കുകൾക്കുമിടയിൽ ഒരു കെട്ടു പത്രം വായിക്കാൻ സമയം കണ്ടെത്തുക അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല.

ഇതിന് പരിഹാരമായാണ് മലയാളികൾ തങ്ങൾക്ക് ലഭിക്കുന്ന വാർത്തകളും വിവരങ്ങളും ഉൾപ്പെടുത്തി അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ബ്ലാക്ക് ആൻഡ് വൈറ്റ് പത്രങ്ങൾ അച്ചടിച്ച് ഇറക്കാൻ തുടങ്ങിയത്. അമേരിക്കൻ മലയാളി മാധ്യമപ്രവർത്തന ചരിത്രത്തിലെ വിപ്ലവകരമായ തുടക്കമായിരുന്നു അത്. എന്നാൽ കാലാകാലങ്ങളിൽ വായനക്കാരുടെ ഹൃദയം കീഴടക്കിയ പല പത്രങ്ങളും അച്ചടി മാധ്യമങ്ങളും പിൽക്കാലത്ത് നിലനില്പിനു വേണ്ടി ക്ലേശിക്കുകയും അവസാനം പ്രിന്റിങ്ങിനും വിതരണത്തിനും പണം കണ്ടെത്താനാവാതെ നിന്ന് പോവുകയും ചെയ്തു. വിവരസാങ്കേതിക വിദ്യയും ആശയവിനിമയ സാധ്യതയും സൗകര്യങ്ങളും ഇല്ലാതിരുന്ന ഒരു കാലത്ത് നാട്ടിലെ വാർത്തകളും വിശേഷങ്ങളും കഥകളും കവിതകളും ലേഖനങ്ങളും പ്രവാസികളുടെ നോവലുകളുമൊക്കെ സചിത്രം അച്ചടിച്ചിറക്കിയ ആ പത്രങ്ങളുടെ തിരോധാനം തീർച്ചയായും സങ്കടകരമാണ്. അമേരിക്കൻ മലയാളികളുടെ പത്രവായനയെ സുവർണകാലഘട്ടത്തിലേക്ക് മടക്കിക്കൊണ്ടുവരുവാനുള്ള എളിയ ശ്രമമാണ് 'നേർക്കാഴ്ച'യുടെ പ്രിന്റ് എഡിഷൻ.

പൂർവികരുടെ വഴിയിലൂടെ സഞ്ചരിച്ച് ജാഗ്രതയോടെയുള്ള മാധ്യമ പ്രവർത്തനം നടത്തുന്നതിന് തീർച്ചയായും കാരണക്കാർ പ്രിയ വായനക്കാരും അഭ്യുദയകാംക്ഷികളും തന്നെയാണ്. എന്നാൽ അമേരിക്കൻ മലയാളി സമൂഹത്തിൽ ഒരു പത്രം പ്രിന്റ് ചെയ്ത് സൗജന്യമായി ഇറക്കുകയെന്നത് എളുപ്പമുള്ള കാര്യമല്ല. അമേരിക്കൻ മലയാളി സമൂഹത്തിലെ പ്രിന്റ്, ഓൺലൈൻ, ദൃശ്യ മാധ്യമങ്ങൾ വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുമ്പോഴും ഈ മേഖലയോടുള്ള അഭിനിവേശം കൊണ്ടുമാത്രം പിടിച്ചുനിൽക്കുന്നുവെന്ന് മാത്രം.

സത്യസന്ധമായി കാര്യങ്ങൾ അവതരിപ്പിക്കുന്ന ഓൺലൈൻ, അച്ചടി പ്ലാറ്റ്ഫോമുകൾ മാധ്യമസമ്പത്തിന് മുതൽക്കൂട്ടാണെന്ന കാര്യത്തിൽ സംശയമില്ല. എന്നിരിക്കെയും മറുവശത്ത് അപകടക്കെണിയൊരുക്കി നിലയുറപ്പിച്ചിരിക്കുന്ന ഒരു വിഭാഗമുണ്ട്. സമൂഹമാധ്യമങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്ന വാർത്താ ആഭാസങ്ങളും ഊഹാപോഹങ്ങളും കുപ്രചരണങ്ങളും പ്രചരിപ്പിക്കുന്ന ഈ വിഭാഗം മാധ്യമധർമ്മത്തെ തന്നെ ചോദ്യം ചെയ്യുകയാണ്.

ക്വാണ്ടം കമ്പ്യൂട്ടിങ്ങും വില്ലോ ചിപ്പുമൊക്കെയായി ലോകം പ്രകാശത്തേക്കാൾ വേഗത്തിൽ സഞ്ചരിക്കുന്ന കാലമാണിത്. നമ്മുടെ ചുറ്റുപാടും നടക്കുന്ന വിവിധ പ്രവർത്തനങ്ങളെ സത്യസന്ധമായി  നോക്കിക്കാണുകയും വിമർശനബുദ്ധിയോടുകൂടി സമീപിക്കുകയും ചെയ്തുകൊണ്ട്, മുഖം നോക്കാതെയുള്ള മാധ്യമ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകിയാണ് ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക നിലകൊള്ളുന്നത്.

ഉൾക്കാഴ്ച്ചയും ദീർഘവീക്ഷണവുമുള്ള ഒരു തലമുറയിലെ മാധ്യമപ്രവർത്തകർ തുടങ്ങിവച്ച ചിലതുണ്ട്. ഏറെ ബുദ്ധിമുട്ടുകൾ സഹിച്ച് വളർത്തിയെടുത്ത് അമേരിക്കൻ മലയാളികളുടെ മനസ്സുകളിൽ അവ വേരാഴ്ത്തി. അത്തരം പ്രസിദ്ധീകരണങ്ങളുടെ വസന്തകാലത്തെ അഭിമാനത്തോടെ ഓർമിച്ചെടുക്കാനും നാട്ടിലെ മാധ്യമ കുലപതികളുമായി കുശലാന്വേഷണം നടത്താനും ഐ.പി.സി.എൻ.എയുടെ കൊച്ചിയിലെ അവാർഡ് നിശ വേദിയൊരുക്കുന്നതിൽ ഏറെ സന്തോഷം. ഇത്തവണ അവാർഡിന് അർഹരായ മാധ്യമ പ്രതിഭകളെ അകമഴിഞ്ഞ് അഭിനന്ദിക്കുന്നു.  സംഘടനയുടെ കൊച്ചിൻ സംഗമത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.


India Press Club of North America
India Press Club of North America
IPCNA
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN &
MINI SAJAN
ELITE
SPONSORS
BABY
URALIL
VARKEY
ABRHAAM
JOHN
TITUS
JOY
NEDIYAKALAYIL


India Press Club of North America
India Press Club of North America
IPCNA
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN &
MINI SAJAN